# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 22 | പേജ് 6 | സെപ്റ്റംബർ 16–30

2 കേരളത്തിൽ മദ്യത്തിന്റെയും ചോരയുടെയും ഗന്ധം

3 കാതോലിക്കേറ്റ് ശതാബ്ദി ചിത്ര പ്രദർശനം

4 ധ്യാനപീഠം

5 മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിന്റെ രേഖകൾ

### കാതോലിക്കേറ്റ് ശതാബ്ദി ആഘോഷം

## എറണാകുളത്ത് മഹാസംഗമം; ദലൈ ലാമയും ഡോ.എ.പി.ജെ.അബ്ദുൾ കലാമും പ്രസംഗിക്കുന്നു

## സന്ദേശയാത്ര തിരുവിതാംകോട്ടുനിന്നും മൈലാപ്പൂരിൽനിന്നും ആരംഭിക്കുന്നു

കോട്ടയം : മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നവംബർ 25ന് എറണാകുളം മറൈൻഡ്രൈവിൽ നടക്കുന്ന മഹാസമ്മേളനത്തിൽ ടിബറ്റൻ ആത്മീയനേതാവ് ദലൈ ലാമയും മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ.അബ്ദുൾ കലാമും സംബന്ധിക്കും. മഹാസമ്മേളനത്തിൽ പ.കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും. വിവിധ സഭാപ്രതിനിധികളും കേന്ദ്ര സംസ്ഥാന മന്ത്രിമാരും ചടങ്ങിൽ പങ്കെടുക്കും. ഓർത്തഡോക്സ് സഭയുടെ എല്ലാ ഇടവകകളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കുന്ന മഹാസമ്മേളനമാണ് എറണാകുളത്ത് നടക്കുന്നത്.

ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി 'ഭാരതീയം' – 'മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര' എന്ന പേരിൽ അറിയപ്പെടുന്ന സന്ദേശയാത്ര ഒക്ടോബർ 20ന് തിരുവിതാംകോടുനിന്ന് ആരംഭിക്കും. തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര – പുനലൂർ, അടൂർ – കടമ്പനാട്, മാവേലിക്കര, ചെങ്ങന്നൂർ, തുമ്പമൺ, നിലയ്ക്കൽ, ഇടുക്കി എന്നീ ഭദ്രാസനങ്ങളിലൂടെ ഒക്ടോബർ 27ന് നിരണം ഭദ്രാസനത്തിലെത്തിച്ചേരുന്നതും പരുമലയിൽ സമാപിക്കുന്നതുമാണ്.

നവംബർ 4ന് മൈലാപ്പൂരിൽനിന്ന് ആരംഭിക്കുന്ന വടക്കൻ മേഖലാ സന്ദേശയാത്ര ചെന്നൈ, ബാംഗ്ലൂർ, ബ്രഹ്മവാർ ഭദ്രാസനങ്ങളിലൂടെ സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെത്തിച്ചേരുന്നതും അവിടെനിന്ന് മലബാർ, കുന്നംകുളം, തൃശൂർ, കൊച്ചി, അങ്കമാലി, കണ്ടനാട് ഭദ്രാസനങ്ങളിലൂടെ കോട്ടയം ഭദ്രാസനത്തിലെത്തിച്ചേരുന്നതും കോട്ടയം പഴയസെമിനാരിയിൽ നവംബർ 14ന് സമാപിക്കുന്നതുമാണ്.

സന്ദേശയാത്ര കടന്നുപോകുന്ന ഭദ്രാസനങ്ങളിലെല്ലാം അതതു ഭദ്രാസനങ്ങൾ സ്വീകരണം നൽകുന്നതും ഭദ്രാസനത്തിലെ പ്രധാന ദേവാലയങ്ങൾ സന്ദർശിക്കുന്നതും ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ പൊതുസമ്മേളനങ്ങൾ നടത്തുന്നതുമാണ്.

കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ചെയർമാനായും ഫാ.ഡോ. എം.ഒ.ജോൺ കൺവീനറായും മാത്യു ചെറിയാൻ, സണ്ണി പുഞ്ചമണ്ണിൽ എന്നിവർ ജോയിന്റ് കൺവീനർമാരുമായും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഭദ്രാസന സെക്രട്ടറിമാരും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി സന്ദേശയാത്രയുടെ സുഗമമായ നടത്തിപ്പിന് പ്രവർത്തിക്കുന്നു.

അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് തെക്കൻ മേഖലാ സന്ദേശയാത്രയുടെയും വൈദികട്രസ്റ്റി ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് വടക്കൻ മേഖലാ സന്ദേശയാത്രയുടെയും അത്മായ ട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റ് ബാഹ്യകേരളാ സന്ദേശയാത്രയുടെയും ക്യാപ്റ്റന്മാരായിരിക്കും.

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി വിവിധ ഭദ്രാസനങ്ങളും പല പ്രമുഖ ഇടവകകളും പ്രത്യേകം പരിപാടികൾ നടത്തുന്നുണ്ട്.

## നൂറു മണിക്കൂർ അഖണ്ഡപ്രാർത്ഥന

കോട്ടയം :കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ദേവലോകം അരമനയിലും വിവിധ ഭദ്രാസനകേന്ദ്രങ്ങളിലും മലങ്കരസഭയിലെ വിവിധ ദേവാലയങ്ങളിലും നൂറുമണിക്കൂർ നീണ്ടുനിൽക്കുന്ന അഖണ്ഡ പ്രാർത്ഥന നടത്തി. ദേവലോകം അരമനയിൽ നടന്ന അഖണ്ഡപ്രാർത്ഥനയ്ക്ക് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ് നേതൃത്വം നൽകി. കോട്ടയം, കോട്ടയം സെൻട്രൽ ഭദ്രാസനങ്ങളിലെ ഇടവകകളുടെയും ആദ്ധ്യാത്മിക സംഘടനകളുടെ പ്രതിനിധികളും പ്രാർത്ഥനയിൽ സംബന്ധിച്ചു.

സ്വാർത്ഥതയിൽ അധിഷ്ഠിതമായ ആവശ്യങ്ങൾ നിറഞ്ഞ പ്രാർത്ഥനയേക്കാൾ എന്നിലൂടെ ദൈവേഷ്ടം നിറവേറണമെ എന്നതാണ് ഉചിതമായ പ്രാർത്ഥന എന്ന് പ്രാർത്ഥനായജ്ഞം ഉദ്ഘാടനം ചെയ്തുകൊണ്ട് ഈവാനിയോസ് മെത്രാപ്പോലീത്താ പറഞ്ഞു.

കാതോലിക്കേറ്റ് അരമനയിൽ സെപ്റ്റംബർ 14ന് ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായും 15ന് ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായും വി.കുർബ്ബാന അർപ്പിച്ചു. മാവേലിക്കര, കൊട്ടാരക്കര – പുനലൂർ, തുമ്പമൺ, കൊല്ലം, നിരണം, നിലയ്ക്കൽ, ഡൽഹി, കൽക്കട്ട, ചെന്നൈ, ബ്രഹ്മവാർ തുടങ്ങി വിവിധ ഭദ്രാസനകേന്ദ്രങ്ങളിൽ മെത്രാപ്പോലീത്തന്മാരുടെ നേതൃത്വത്തിൽ അഖണ്ഡ പ്രാർത്ഥന നടന്നു.

ചെങ്ങന്നൂർ ഭദ്രാസന ആസ്ഥാനത്ത് നടന്ന അഖണ്ഡപ്രാർത്ഥനയ്ക്ക് ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ്, ഭദ്രാസനസെക്രട്ടറി ഫാ.മാത്യു വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

## പ.കാതോലിക്കാ ബാവാ നിരണം വലിയപള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു

മലങ്കരയിൽ കാതോലിക്കേറ്റ് വാഴ്ച നടന്ന നിരണം വലിയപള്ളിയിൽ സെപ്റ്റംബർ 15ന് പ.കാതോലിക്കാ ബാവാ വി.കുർബ്ബാന അർപ്പിച്ചു. വി.ദൈവമാതാവിന്റെ നാമത്തിൽ പരിശുദ്ധനായ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട നിരണം പള്ളിയിൽ 1912 സെപ്റ്റംബർ 15–ാം തീയതി ഞായറാഴ്ച ആയിരുന്നു കണ്ടനാട് ഭദ്രാസനത്തിന്റെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ബസ്സേലിയോസ് പൗലോസ് എന്ന പേരിൽ പ. അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തിയത്.

## ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന സന്ദേശയാത്ര തിരുവിതാംകോട്ടുനിന്നും മൈലാപ്പൂരിൽനിന്നും ആരംഭിക്കും.

തിരുവിതാംകോട്ടുനിന്ന് ആരംഭിക്കുന്ന യാത്ര ഒക്ടോബർ 20ന് വി.കുർബ്ബാനയ്ക്കുശേഷം തിരുവിതാംകോടുനിന്ന് ആരംഭിച്ച് തെക്കൻ ഭദ്രാസനങ്ങളിലൂടെ ഒക്ടോബർ 27ന് നിരണത്ത് സമാപിക്കും.

മൈലാപ്പൂരിൽനിന്ന് ആരംഭിക്കുന്ന യാത്ര നവംബർ 4–ാം തീയതി ഞായറാഴ്ച വി.കുർബ്ബാനയ്ക്കുശേഷം മൈലാപ്പൂരിലാരംഭിച്ച് നവംബർ 14ന് കോട്ടയം പഴയ സെമിനാരിയിൽ സമാപിക്കും.

**തെക്കൻ മേഖലാ സന്ദേശയാത്ര**

ഒക്ടോബർ 20 – തിരുവിതാംകോട്, തിരുവനന്തപുരം

ഒക്ടോബർ 21 – ആയൂർ, ചെറുവക്കൽ, ചെങ്കുളം, ചാത്തന്നൂർ, നല്ലില, കുണ്ടറ കൊല്ലം

ഒക്ടോബർ 22 – ശാസ്താംകോട്ട, പുത്തൂർ, അമ്പലത്തുംകാല, കൊട്ടാരക്കര, പുനലൂർ

ഒക്ടോബർ 23 – പത്തനാപുരം, അടൂർ, കടമ്പനാട്, കരുവാറ്റ, കറ്റാനം, കായംകുളം, ചേപ്പാട്

ഒക്ടോബർ 24– ഹരിപ്പാട്, കാർത്തികപ്പള്ളി, പള്ളിപ്പാട്, പത്തിച്ചിറ, മാവേലിക്കര, ചെങ്ങന്നൂർ, പുത്തൻകാവ്, പന്തളം

ഒക്ടോബർ 25 – തുമ്പമൺ, കൈപ്പട്ടൂർ, ഓമല്ലൂർ, മുള്ളനിക്കാട്, ചന്ദനപ്പള്ളി, മല്ലശ്ശേരി, കോന്നി, കുമ്പഴ, പത്തനംതിട്ട.

ഒക്ടോബർ 26 – കോഴഞ്ചേരി, റാന്നി, പീരുമേട്, കുമളി, കട്ടപ്പന

ഒക്ടോബർ 27– വെണ്ണിക്കുളം, തിരുവല്ല, നിരണം, പരുമല സമാപനം

**വടക്കൻമേഖലാ സന്ദേശയാത്ര**

നവംബർ 4 മുതൽ 7 വരെ മൈലാപ്പൂർ, ചെന്നൈ, ബാംഗ്ലൂർ, മൈസൂർ, മംഗലാപുരം, ബ്രഹ്മവാർ

നവം.8 – കണ്ണൂർ, കേളകം, മാനന്തവാടി, ബത്തേരി

നവം.9 – പുതുപ്പാടി, കോഴിക്കോട്, നിലമ്പൂർ

നവം.10– കുന്നംകുളം, തൃശൂർ, കൊരട്ടി

നവം.11 – കൊരട്ടി, കൊച്ചി

നവം.12– അങ്കമാലി,

നവം.13– കണ്ടനാട്ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്

നവം.14– കോട്ടയം,

## ശതാബ്ദി ആഘോഷം : വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു

കോട്ടയം : മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടതിന്റെ ശതാബ്ദി ആഘോഷങ്ങൾ സമുചിതമായി നടത്തുന്നതിന് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ ചെയർമാനായി സെൻട്രൽ കമ്മിറ്റിയും വിവിധ ഭദ്രാസന മെത്രാപ്പോലീത്തന്മാർ സബ്കമ്മിറ്റികളുടെ ചെയർമാൻമാരായും വിവിധ കമ്മിറ്റികൾ പ്രവർത്തനം നടത്തുന്നു.

വിവിധ കമ്മിറ്റികളുടെ അദ്ധ്യക്ഷന്മാരും കൺവീനർമാരും

### സെൻട്രൽ കമ്മിറ്റി & പ്രോഗ്രാം കമ്മിറ്റി

ഡോ.യാക്കോബ് മാർ ഐറേനിയോസ്, അസോസിയേഷൻ സെക്രട്ടറി ഡോ.ജോർജ് ജോസഫ് (ജനറൽ കൺവീനർ), ഫാ.പ്രൊഫ. കുര്യൻ ഡാനിയേൽ (ജോ.കൺവീനർ), ഡോ.കെ.പി.ജോണി (പ്രോഗ്രാം കമ്മിറ്റി കൺവീനർ)

### ഭദ്രാസന കോ–ഓർഡിനേഷൻ കമ്മിറ്റി

തോമസ് മാർ അത്താനാസിയോസ് (ചെങ്ങന്നൂർ), മാത്യു ചെറിയാൻ

### മെഡിക്കൽ കമ്മിറ്റി

ഡോ.തോമസ് മാർ അത്താനാസിയോസ് (കണ്ടനാട്), ഐ.സി.ചെറിയാൻ

### ഫിനാൻസ് കമ്മിറ്റി

ഡോ.സഖറിയാ മാർ അപ്രേം, എം.പി. ജോൺ (സണ്ണി),

### പബ്ലിസിറ്റി ആന്റ് മീഡിയാ കമ്മിറ്റി

ഡോ.മാത്യൂസ് മാർ സേവേറിയോസ്, സണ്ണി പുഞ്ചമണ്ണിൽ

(ശേഷം പേജ് 5–ൽ)

# കേരളത്തിൽ മദ്യത്തിന്റെയും ചോരയുടെയും ഗന്ധം

മാധ്യമ ദീപം

ഫാ.സി.ഡി.തോമസ്
വടകോട്

### വേണം പ്ലാനിംഗ് കമ്മീഷൻ

ഉണ്ണിയേശുവിനെ കൈകളിൽ വഹിക്കുന്ന മാതാവിന്റെ മുഖചിത്രത്തോടുകൂടിയാണ് പൗരസ്ത്യതാരം ആഗസ്റ്റ് ലക്കം ഇറങ്ങിയിട്ടുള്ളത്. ആസൂത്രിത പ്രവർത്തനങ്ങൾ വളർച്ചയ്ക്ക് അനിവാര്യമെന്ന് എഡിറ്റോറിയലിൽ സഭയുടെ കാതോലിക്കേറ്റ് ശതാബ്ദി വർഷത്തിൽ ദീർഘവീക്ഷണത്തോടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയിലേക്ക് ശക്തമായി വിരൽചൂണ്ടുന്നു. രോഗസൗഖ്യത്തിനായി പ്രാർത്ഥിച്ചതിന് നന്ദിപറഞ്ഞുകൊണ്ടും സ്ലീബാപെരുന്നാളിന്റെയും ഓണാഘോഷത്തിന്റെയും അന്തസത്ത വിവരിച്ചുകൊണ്ടുമുള്ളതാണ് അന്തോണിയോസ് തിരുമേനിയുടെ ഇടയസന്ദേശം.

### തർക്കം 32പോലും

തൃക്കുന്നത്ത് സെമിനാരിയിലെ പ്രാർത്ഥനാദൃശ്യം ചോർത്തിയിട്ടില്ലെന്ന ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനയാണ് മലങ്കരസഭാദീപം ആഗസ്റ്റ് പ്രഥമലക്കത്തിലെ പ്രധാന വാർത്ത. എം.എൽ.എ.മാർ നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് മറുപടിയായി സർക്കാർ കണക്കിൽ തർക്കമുള്ള മുപ്പത്തിരണ്ടു പള്ളികളുടെ ലിസ്റ്റും വാർത്തയിലുണ്ട്. മാർ ദീയസ്കോറോസ് സഭാസ്വാതന്ത്ര്യം പരമപ്രധാനമായി കണ്ട പിതാവെന്ന ഫാ. ഡോ.എം.ഒ.ജോണിന്റെ റാന്നി പെരുന്നാൾ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങളും ഒന്നാം പേജിലുണ്ട്. പ്രകാശ് പീലാത്തോസ് എന്ന ഹെഡ്ഡിംഗിലുള്ള ജോയി കുളനടയുടെ കാർട്ടൂൺ രസകരംതന്നെ. കേരളത്തിലെ തലസ്ഥാനനഗരിയിൽ പുതിയ ആരാധനാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പള്ളിപ്പുറം സി.ആർ.പി.എഫ്. പട്ടാളക്യാമ്പിൽ ഓർത്തഡോക്സ് ആരാധന ആരംഭിച്ച വിവരം അവസാനപേജിലുണ്ട്.

### വലയിൽ കുടുക്കുന്നു

നാടൻ തപാൽ ആഫീസുകൾ പലതും അടച്ചുപൂട്ടി. തെരുവോരങ്ങളിലെ തപാൽപെട്ടികൾ ഒന്നൊന്നായി പിൻവലിച്ചുകൊണ്ടിരിക്കുന്നു. കത്തെഴുതിയും വായിച്ചും തപാൽപ്രസ്ഥാനത്തിന്റെ ചങ്കിൽ ചാരിനിന്നിരുന്ന നല്ലൊരു വിഭാഗം പൗരജന്മങ്ങളെ അടിച്ചിറക്കി മഴയത്തുനിർത്തി ചിരിയടക്കാൻ പാടുപെടുകയാണ് കേന്ദ്ര സർക്കാർ. നമ്മൾ ടാറ്റാ - ബിർളമാരുടെ വലവേല (നെറ്റ്‌വർക്ക്)യിൽ കുടുങ്ങിപ്പോയ കറവക്കാലികളായിരിക്കുന്നു. ചിതംബരം ദ്വൈമാസികയുടെ എഡിറ്റോറിയലിലാണ് അപ്പു മുട്ടറയുടെ ഈ നിരീക്ഷണം. അശ്റഫ് കല്ലോട് എഴുതിയ മദ്യം എന്ന രണ്ടുവരി കവിത ഇതാണ്.

ഒരാൾക്ക് സുഖം
ഒരുപാടുപേർക്ക് ദുഃഖം

### മതസൗഹാർദ്ദം

വർഗ്ഗീയതയും മതതീവ്രവാദവും വളർന്നുവരാനുള്ള സാഹചര്യം കേരളത്തിൽ ഇന്ന് നിലവിലുണ്ട്. മറ്റ് മതങ്ങളോടുള്ള അസഹിഷ്ണതയും അങ്ങിങ്ങായി തലപൊക്കുന്നുണ്ട്. (കാരുണികൻ മാസിക) മതസൗഹാർദ്ദത്തിന്റെ ആദ്ധ്യാത്മികത, ഇതര മതങ്ങളോടുള്ള ബൈബിളിന്റെ സമീപനം മതാന്തര പ്രേഷിതത്വം തുടങ്ങിയവയാണ് പ്രധാന ലേഖനങ്ങൾ. നിലവിളക്കും രുദ്രാക്ഷവും എന്ന എഡിറ്റോറിയലും ശ്രദ്ധേയം. അതിൽപറയുന്നു ധ്യാനഗുരുക്കന്മാർക്കും ആത്മീയ കൗൺസിലുകൾക്കും ചെയ്യാവുന്ന ലളിതമായ ഒരു കാര്യമുണ്ട്. കിട്ടിയ വെളിപാടും ദർശനവും പ്രഘോഷണത്തിലൂടെയും കൗൺസിലിംഗിലൂടെയും പ്രചരിപ്പിക്കുന്നതിനു മുമ്പെ അതിന് സഭയുടെ ഔദ്യോഗിക പഠനങ്ങളുമായി ഒന്നു തട്ടിച്ചുനോക്കുക. ഫാ.ജോസഫ് പ്ലാംപാനി എഴുതുന്നു മതതീവ്രവാദമാണ് മതസൗഹാർദ്ദത്തിന്റെ ഏറ്റവും വലിയ ശത്രു. ക്രൈസ്തവരുടെ ഇടയിൽ അങ്ങിങ്ങായി താലിബാനിസം പൊട്ടിമുളയ്ക്കുന്നുണ്ട്.

### ഹിരോഷിമ ആവർത്തിക്കരുത്

1945 ആഗസ്റ്റ് 6 ജപ്പാനിലെ ഹൈപ്പോസെന്റർ. ആകാശത്തുനിന്ന് ഒരു അഗ്നിവീചി താഴേക്ക് പതിച്ചു. കണ്ണഞ്ചിക്കുന്ന പ്രകാശത്തിൽ ദിക്കുകൾ ഭേദിച്ച് ഒരു സ്ഫോടനം. എന്താണത്? തിരിച്ചറിയുമ്പോഴേയ്ക്ക് എല്ലാം തുടങ്ങി ഒടുങ്ങിയിരുന്നു. അന്തരീക്ഷത്തിലെ താപനില പൊടുന്നനെ ഉയർന്നു. നൂറ് ആയിരം രണ്ടായിരം നാലായിരം....... വെള്ളം തിളച്ച് മറിഞ്ഞ് ആവിയായി ഉയർന്നു. ഇരുമ്പ് ഉരുകിയൊലിച്ചു. പറന്നുകൊണ്ടിരുന്ന പക്ഷികൾ ചിറകുകൾ കരിഞ്ഞ് ഉരുകിപ്പോയി. എങ്ങും അലമുറകൾ. ദീനരോധനം പരിഭ്രാന്തരായി നാലുപാടും ചിതറിയോടിയ ജനക്കൂട്ടം മാംസകഷണങ്ങളായി ചുറ്റും ചിതറിത്തെറിച്ചു. ആർക്കും ഒന്നും മനസ്സിലായില്ല. ജീവൻ രക്ഷിക്കാനുള്ള നെട്ടോട്ടമാണെങ്ങും. ഉറ്റവരുടെ ഉടയവരുടെ പാതിവെന്ത ശരീരങ്ങൾ പിന്നിട്ട് അവർ ഓടി എങ്ങോട്ടെന്നില്ലാതെ. പലരും അരികിലുള്ള നദിയിലേക്ക് എടുത്തുചാടി (അക്ഷരമുറ്റം - ദേശാഭിമാനി ആഗസ്റ്റ് 1). രണ്ടാം ലോകമഹായുദ്ധകാലത്ത് അമേരിക്ക ഹിരോഷിമയിൽ ആറ്റംബോംബ് ഇട്ടപ്പോൾ ഉണ്ടായ അനുഭവമാണിത്.

### ചോരയുടെ ഗന്ധം

ബഥേൽ പത്രികയുടെ ഇടയലേഖനത്തിൽ തോമസ് മാർ അത്താനാസിയോസ് ആക്രമണ പരമ്പരകളും ക്രൈസ്തവ പ്രതിബദ്ധതയും എന്ന ഹെഡ്ഡിംഗിൽ എഴുതുന്നു. കല്ലുകൊണ്ടും മരംകൊണ്ടുമുള്ള ആയുധങ്ങൾ ഉപയോഗിച്ച് മനുഷ്യൻ സൂപ്പർസോണിക് യുഗത്തിലേക്ക് ഉയർന്നപ്പോൾ ചോരയുടെ ഗന്ധം എവിടെയും പരക്കുന്നു. സാക്ഷരതയും സാമ്പത്തിക സുരക്ഷിതത്വവും മനുഷ്യനിലെ ആക്രമണപ്രവണതകളെ ഇല്ലാതാക്കുമെന്നുള്ള ചിന്തകൾക്ക് ഘടകവിരുദ്ധമായ സംഭവങ്ങൾ ആണ് നാം ദിനംതോറും കണ്ടുകൊണ്ടിരിക്കുന്നത്. ഹൃദയങ്ങളെ തൊട്ടറിഞ്ഞ ശ്രേഷ്ഠ ഇടയൻ എന്ന ഫാ.അജി കെ.തോമസിന്റെ ലേഖനം കാലംചെയ്ത മാവേലിക്കര ഭദ്രാസനാധിപൻ പക്കോമിയോസ് തിരുമേനിയുടെ അപൂർവ്വ വ്യക്തിത്വത്തിലേക്കും വ്യത്യസ്തതകളിലേക്കും വെളിച്ചംവീശുന്നതാണ്.

### മന്ത്രിവക മഴപൂജ

ഒരു കൊല നടത്താൻ തുനിയുന്ന ആളോട് അതു ക്രൂരതയാണ് ചെയ്യരുത് എന്ന് ഉപദേശിക്കുന്നതിനു പകരം അത് ചിത്രീകരിക്കാനുള്ള അവകാശം തനിക്കു മാത്രമായി നൽകണമെന്ന് ആവശ്യപ്പെടുന്ന നീചവും നിന്ദ്യവുമായ മാധ്യമസംസ്ക്കാരമാണ് വളർന്നുവരുന്നത് എന്ന് കേരളശബ്ദം ആഗസ്റ്റ് 19 ലക്കത്തിൽ ഹൈന്ദവ താലിബാനിസം എന്ന ലേഖനത്തിൽ പറയുന്നു. മംഗലാപുരം മോണിംഗ് മിസ്റ്റ് ഹോംസ്റ്റേയിൽ നടന്ന ജന്മദിനാഘോഷത്തിൽ സദാചാര ഗുണ്ടകളുടെ അഴിഞ്ഞാട്ടവും അത് ചിത്രീകരിക്കാൻ ചാനലുകൾ നടത്തിയ മത്സരവുമാണ് പ്രതിപാദ്യവിഷയം.

വരൾച്ചയും ക്ഷാമവും പിടിച്ചുലയ്ക്കുന്ന കർണ്ണാടകത്തിൽ മഴദൈവങ്ങളെ പ്രസാദിപ്പിക്കുവാനായി 17.5 കോടി രൂപ സർക്കാർ ചെലവിട്ടിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള മുപ്പത്തിനാലായിരത്തിൽപരം ക്ഷേത്രങ്ങളിലാണ് ജൂലൈ 27നും ആഗസ്റ്റ് 2നും മഴകിട്ടാനായി വിശേഷപൂജ നടത്താൻ ദേവസ്വം മന്ത്രി കോട്ട ശ്രീനിവാസ പൂജാരി ഉത്തരവിട്ടത്. പതിനേഴരകോടി രൂപയാണ് മഴപൂജകൾക്കായി വകയിരുത്തിയത്.

സദാചാരവും സ്വാതന്ത്ര്യവും

നാടുനീളെ സദാചാരപോലീസുകാരുടെ കർമ്മ പരിപാടികൾ വർദ്ധിച്ചുവരികയാണ്. സദാചാരം എന്നു പേരുണ്ടെങ്കിലും ഇവറ്റകൾ ദുരാചാരത്തിന്റെ വക്താക്കളാണെന്നറിയുവാൻ ഏറെ അന്വേഷണം വേണ്ട. പത്രാധിപസന്ദേശ (ഡിവൈൻ കൗൺസിലർ)ത്തിലാണ് ഈ പരാമർശം. തുടർന്ന് പറയുന്നു അപ്പനും മകളും ഒരുമിച്ച് യാത്രചെയ്യണമെങ്കിൽ ജനനസർട്ടിഫിക്കറ്റും ഭാര്യഭർത്താക്കന്മാർ ഒരുമിച്ച് യാത്രചെയ്യണമെങ്കിൽ വിവാഹസർട്ടിഫിക്കറ്റും കരുതിക്കൊള്ളണമെന്ന ഗതികേടിലാണ് നമ്മുടെ നാട്.

ബ്രിട്ടീഷ് അതിനിവേശത്തിനു മുമ്പ് ഭാരതം സ്വതന്ത്രമായിരുന്നോ? ബ്രിട്ടീഷുകാർ ഇന്ത്യയിൽനിന്ന് പോയതിനുശേഷം ഇന്ത്യ സ്വതന്ത്രമായോ. വിദേശനുകത്തേക്കാൾ കഠിനമായിരുന്നു സ്വദേശനുകം. ജാതിചിന്ത എന്ന അടിമത്വത്തിൽനിന്ന് ഇന്ത്യ ഇതുവരെ സ്വാതന്ത്ര്യം പ്രാപിച്ചില്ല. ബെന്നി ജോസഫ് സ്വാതന്ത്ര്യവും അടിമത്തവും എന്ന ലേഖനത്തിലാണ് ഇത് എഴുതിയിരിക്കുന്നത്.

### സർക്കാരും കച്ചവടക്കാർ

മുടങ്ങിക്കിടന്ന കലാദീപം കലാസാംസ്ക്കാരിക മാസിക കെട്ടിലും മട്ടിലും പുതുമയോടെ മലയാളത്തിന്റെ അക്ഷരദീപമാകുന്നു. പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി ലയഭാവങ്ങളെ നിയന്ത്രിക്കുന്നത് ചലനംമൂലമാണ്. ചലനം നിലച്ചാൽ സർവ്വകർമ്മങ്ങളും നിലയ്ക്കുമെന്ന് മഹോപനിഷത്തുകളിൽനിന്ന് എടുത്തിട്ടുള്ള സുഭാഷിതങ്ങളിൽ പറയുന്നു. വാണിജ്യവൽക്കരിക്കപ്പെട്ട ഓണാഘോഷത്തെക്കുറിച്ചാണ് എഡിറ്റോറിയൽ. 1969-ൽ ആദ്യമായി രാജ്യസഭയിലെത്തി ഇപ്പോൾ രാജ്യത്തിന്റെ അധിപനായി മാറിയ പ്രണബ് മുഖർജിയെക്കുറിച്ചുള്ള സചിത്രലേഖനം അറിവുപകരുന്നതാണ്. മഹാബലി ഐതീഹ്യം ഓണത്തിന്റെ ചരിത്രസത്യമല്ല എന്ന് ഡോ.ശാസ്താംകോട്ട രാമചന്ദ്രന്റെ ലേഖനത്തിൽ പറയുന്നു. ഓണം ഇന്ന് ബ്രാഹ്മണരുടേതല്ല. അത് കച്ചവടക്കാരുടേതാണ്. അവരാണ് ലാഭം കൊയ്യുന്നത്. ഓണം ആഘോഷിക്കാൻ സർക്കാരും തൊഴിൽ സ്ഥാപനങ്ങളും നൽകുന്ന പണം കച്ചവടക്കാരും അബ്ക്കാരികളും ഊറ്റിയെടുക്കുകയാണ്. സർക്കാരും കച്ചവടക്കാരായി മാറിയതാണ് ആധുനിക കാലത്തെ സവിശേഷത.

### വിപ്ലവകാരിയോ വിമോചകനോ

മാർത്തോമ്മായുടെ ദുക്റോനോ, മാതാവിന്റെ വാങ്ങിപ്പ്, ഇന്ത്യൻ സ്വാതന്ത്ര്യദിനം, സ്ലീബാപെരുന്നാൾ എന്നീ ആശയങ്ങൾ ഒരുമിച്ച് സന്നിവേശിപ്പിക്കുന്ന മനോഹരമായ കവർപേജുമായാണ് കൊട്ടാരക്കര - പുനലൂർ ഭദ്രാസന ത്രൈമാസികയായ സ്നേഹദൂതൻ പുറത്തിറങ്ങിയിരിക്കുന്നത് (ജൂലൈ സെപ്റ്റംബർ ലക്കം) മൂല്യശിക്ഷണം പാടെ അവഗണിച്ച് വിവരശേഖരം നടത്തുന്ന വിദ്യാഭ്യാസം മനുഷ്യനെ സംസ്ക്കാര ശൂന്യതയിലേക്ക് നയിക്കുവാനും സമൂഹത്തിൽ അന്തചിദ്രത്തിനും അരക്ഷിതാവസ്ഥയ്ക്കും കാരണമാകാനും ഇടയാകുന്നു എന്ന് മൂല്യങ്ങളുടെ കുഴിമറിച്ചിൽ എന്ന ഇടയസന്ദേശത്തിൽ ഡോ.യൂഹാനോൻ മാർ തേവോദോറോസ് എഴുതുന്നു. വിപ്ലവകാരിയോ വിമോചകനോ എന്ന പ്രൊഫ.ജി. എം.തരകന്റെ ലേഖനം കാലികപ്രാധാന്യമുള്ളതാണ്.

### ആശ്രയിക്കാനാവാത്ത സ്വാശ്രയം

തോറ്റുതൊപ്പിയിടുന്ന സ്വാശ്രയകോളജുകളെക്കുറിച്ചുള്ള ആർ.വി.ജി.മേനോന്റെ ലേഖനം യാഥാർത്ഥ്യബോധമുള്ളതാണ്. (മാതൃഭൂമി ആഴ്ചപതിപ്പ് ആഗസ്റ്റ് 12). സ്വാശ്രയ എഞ്ചിനീയറിംഗ് കോളജുകളുടെ കൂട്ടത്തോൽവികളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് സംഭവിച്ച അപചയങ്ങൾ ഇതിൽ വിശകലനം ചെയ്യുന്നു.

ജീവിതം സമ്പൂർണ്ണമായി സമരഭൂമിയിൽ സമർപ്പിച്ച ധീരവനിതയായിരുന്നു ക്യാപ്റ്റൻ ലക്ഷ്മി. ഇന്ത്യയുടെ ചരിത്രത്തിൽ ഏറ്റവും തിളക്കമുള്ള പേരുകളിലൊന്ന്. എന്നാൽ രാഷ്ട്രം അവരോട് നീതി പുലർത്തിയോ എന്ന ചോദ്യത്തോടെയാണ് എൻ.സുസ്മിത അന്തരിച്ച ക്യാപ്റ്റൻ ലക്ഷ്മിയെ അനുസ്മരിക്കുന്നത്.

മലയാള ചലചിത്രഗാനശാഖയിലെ ഏറ്റവും പ്രണയനിർഭരമായ നൂറ്റൊന്ന് പ്രണയഗാനങ്ങളുടെ പാട്ട് അനുഭവങ്ങൾ എഴുതിയ കഥാകൃത്തായ വി.ആർ.സുധീഷിന്റെ പുസ്തകത്തെക്കുറിച്ചുള്ള നിരൂപണം പിന്നണിഗായകനായ ജി.വേണുഗോപാൽ പാട്ടിന്റെ ചന്ദ്രകാന്തം എന്ന ലേഖനത്തിൽ എഴുതുന്നുണ്ട്.

### ദൈവോന്മുഖജീവിതം

മലങ്കരസഭാമാസിക ഓരോ ലക്കവും കൂടുതൽ കൂടുതൽ നന്നായിട്ടാണിറങ്ങുന്നത്. പൗലോസ് മാർ പക്കോമിയോസിന്റെ അന്ത്യ കല്പനയിൽനിന്നുള്ള ചില ഭാഗങ്ങൾ യാത്രാമൊഴി എന്ന പേരിൽ കൊടുത്തിട്ടുണ്ട്. അതിലെ ഒരു വാചകം ദൈവാഭിമുഖ്യത്തിൽ വളരുവാൻ പ്രേരിപ്പിച്ച മാതാപിതാക്കളുടെ ശിക്ഷണത്തിൽ ആത്മീയ അന്തരീക്ഷമുള്ള ഭവനത്തിലാണ് ഞാനും എന്റെ സഹോദരങ്ങളും വളർന്നുവന്നത്. ഇടവകയോഗത്തിലെ വനിതാ പ്രാതിനിധ്യം സംബന്ധിച്ചാണ് എഡിറ്റോറിയൽ. നവ ഫോർത്ത് എസ്റ്റേറ്റ് എന്ന ഷാലു മാത്യുവിന്റെ ലേഖനം ദൃശ്യമാധ്യമങ്ങൾ നിലനിൽപ്പിനുവേണ്ടി വാർത്തകൾ സൃഷിക്കുന്നതിനെക്കുറിച്ചാണ്. നമ്മുടെ കൊച്ചു കേരളത്തിൽ അവർക്കാവശ്യമായ വാർത്തകൾ ഉണ്ടാകുന്നില്ല. ഈ സന്ദർഭത്തിലാണ് വാർത്തകൾ സൃഷ്ടിക്കുക എന്നതിലേക്ക് റിപ്പോർട്ടർമാർ എത്തിച്ചേരുന്നത്. ഫാ.ഡോ. ഒ.തോമസിന്റെ പരിസരം എന്ന ലേഖനം ശ്രദ്ധേയമാണ്. സമ്പത്തുള്ളവർക്ക് അധികാരം വേണം. അധികാരം ഉള്ളവർക്ക് സ്വത്ത് വേണം. ഇതുരണ്ടും കെട്ടുപിണഞ്ഞാണ് കിടക്കുന്നത്. ഇതുരണ്ടും സംരക്ഷിക്കുവാൻ കൂലിപട്ടാളക്കാരും വേണം.

### പുതിയ പാക്കേജ്

മഴയ്ക്കൊപ്പം പനി. അതൊരു പാക്കേജ് പോലെയാണ് ഇപ്പോൾ കേരളത്തിൽ. പുതിയ രോഗങ്ങൾ കടന്നുവരുന്നു. വന്നതു പലതും ചുവടുറപ്പിക്കുന്നു. കീഴടക്കിയതെന്ന് വിശ്വസിച്ചിരുന്നവ തിരിച്ചുവരുന്നു. നമ്മുടെ പൊതുജനാരോഗ്യരംഗം വലിയ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. എന്തുകൊണ്ടാണിങ്ങനെ എന്ന് വിലയിരുത്തുന്നതാണ് മാതൃഭൂമി ആരോഗ്യമാസികയിലെ വീണ്ടും പകർച്ചവ്യാധികളുടെ ജൈത്രയാത്ര എന്ന ലേഖനം. ഡോ.സിജെ. ജോണിന്റെ പെൺമനസ്സ് പ്രതിസന്ധികളും പരിഹാരങ്ങളും എന്ന ലേഖനത്തിൽ അദ്ദേഹം എഴുതുന്നു. പുതിയ കാലത്തിന്റെ വെല്ലുവിളികളും പ്രലോഭനങ്ങളും നേരിടാൻ പെൺമനസ്സ് ഇനിയും കരുത്താർജ്ജിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ അതിന്റെ കോട്ടം സമൂഹത്തിൽ മുഴുവനുണ്ടാകും. കുടുംബങ്ങളുടെ നിലനിൽപ്പിന്റെ അടിത്തറ തന്നെ പെൺമനകരുത്താണെന്ന് അതിൽ സമർത്ഥിക്കുന്നു.

### യഥാർത്ഥ സ്വാതന്ത്ര്യം

വി.കുർബ്ബാന വിശുദ്ധ ജീവിതത്തിന് എന്ന ഫാ.ഡോ.ജോസഫ് തൊണ്ടിപ്പറമ്പിലിന്റെ ലേഖനം വചനോൽസവം മാസികയിലുണ്ട്. വിശുദ്ധജീവിതത്തിന്റെ പരമലക്ഷ്യമായി കണക്കാക്കുന്ന ദൈവവുമായുള്ള ഐക്യം സാധിതമാകുന്നത് വി. കുർബ്ബാനയിലൂടെയാണ്. എന്താണ് യഥാർത്ഥ സ്വാതന്ത്ര്യം എന്ന പ്രൊഫ.ജോസഫ് മാടപ്പള്ളി എഴുതുന്നു. ദൈവം ആരുടേയും അടിമയല്ല. ദൈവമക്കൾക്കു ദൈവം പരിപൂർണ്ണ സ്വാതന്ത്ര്യം നൽകുന്നു. ദൈവത്തോടൊപ്പം ആയിരിക്കുന്നതാണ് പരിപൂർണ്ണ സ്വാതന്ത്ര്യം പരിശുദ്ധ അമ്മയോടൊപ്പം എന്ന ലേഖനത്തിൽ ബീന ചിറയത്ത് എഴുതുന്നു. വരാനിനിരിക്കുന്ന പ്രതിസന്ധികളെ വകവെയ്ക്കാതെ ചങ്കൂറ്റ

(ശേഷം പേജ് 3-ൽ)

## 59-ാം ചരമവാർഷികദിനം

14-09-2012



### Late Rev.Fr.P.G.Koshy Parambil, Nariyapuram

വന്ദ്യ ആചാര്യ ശ്രേഷ്ഠൻ 14-09-1953, പസ്ലീബാ പെരുന്നാൾദിവസം ബ്രഹ്മവാറിൽ നിര്യാതനായി. ഭാഗ്യസ്മരണാർഹനായ ദാനിയേൽ മാർ പീലക്സിനോസ്, തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ തിരുമേനി, ബ്രഹ്മവാർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ഹൈക്കലായിൽ പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ കല്പന പ്രകാരം കബറടക്ക ശുശ്രൂഷ നടത്തി.

ബ്രഹ്മവാർ മിഷന്റെയും ഓർത്തഡോക്സ് ദേവാലയത്തിന്റെയും ചുറ്റുമുള്ള ചാപ്പലുകളുടെയും അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ചുമതലകൾ 1910-1953 കാലയളവിൽ സ്തുത്യർഹമായി നടത്തി.

തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലും മറ്റ് ബഹു.വികാരിയച്ചന്മാരോടൊപ്പം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

18-08-1915 ദൈവമാതാവായ പ.കന്യകമറിയത്തിന്റെ സ്വർഗ്ഗാരോഹണപെരുന്നാൾ ദിവസം വള്ളിക്കാട്ട് ദയറായിൽവെച്ച് മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായിൽനിന്നും (അന്ന് ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ) വൈദികപട്ടം സ്വീകരിച്ചു.

ദിവംഗതരായ ദിവ്യശ്രീ.പി.ഇ.ജേക്കബ് കശ്ശീശാ പല്ലാടൻമണ്ണിൽ, ദാനിയേൽ കശ്ശീശാ പുത്തൻപുരയിൽ, പി.റ്റി.കോശി കശ്ശീശാ പറമ്പിൽ എന്നീ ശ്രേഷ്ഠാചാര്യന്മാർ ബഹു.പി.ജി.കോശി (പറമ്പിലച്ചൻ - ബ്രഹ്മവാറച്ചൻ) കശ്ശീശായുടെ അനന്തിരവരാകുന്നു (എല്ലാവരും നരിയാപുരത്തുനിന്നും)

ഈ പിതാക്കന്മാരുടെ പ്രാർത്ഥന-അനുഗ്രഹങ്ങളിൽ വിശ്വസിച്ചുകൊണ്ട്

വന്ദ്യ വൈദികന്റെ കുടുംബാംഗങ്ങൾ

**കെ.എം.ജോൺ & ഫാമിലി,**

**പറമ്പിൽ ജോൺസൺ വില്ല, നരിയാപുരം**

## കേരളത്തിൽ...പേജ് 1-ൽനിന്ന്

ത്തോടെ ദൈവത്തോട് ചേർന്ന് നിൽക്കാൻ പ.മറിയത്തിന് സാധിച്ചത് ദൈവത്തോടുള്ള അനുസ്യൂതമായ വിശ്വാസത്തികവിൽനിന്നാണ്.

**നിർത്താതെ കുടിക്കുന്ന മലയാളി**

ഇങ്ങനെ നിർത്താതെ കുടിച്ചുകൊണ്ട് മലയാളികൾ എങ്ങോട്ടാണ് പോകുന്നത് മദ്യത്തിന്റെ പിടിയിൽനിന്ന് രക്ഷപെട്ടുവന്ന രണ്ടുപേരുടെ അനുഭവങ്ങൾ ഗൃഹലക്ഷ്മിയിലുണ്ട്. രഞ്ജിനി ഹരിദാസിന്റെ പല അഭിപ്രായങ്ങളും ആളുകളെ വഴിതെറ്റിക്കുന്നവയാണ്. മദ്യത്തിന്റെ കാര്യത്തിലും ആ പതിവിന് മാറ്റമില്ല. അവർ പറയുന്നു സ്ത്രീകൾ മദ്യപിക്കുന്നത് അത്ര വലിയ തെറ്റാണെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷെ എന്തുചെയ്താലും ഒരു കൺട്രോൾ വേണം. അവതാരികയായ അവരുടെ വാമനാവതാരംപോലെ നന്മകളെ ചവുട്ടിതാഴ്ത്തുന്ന പ്രസ്താവനകൾക്കാണ് ആദ്യം കൺട്രോൾ വേണ്ടത്. നൊസ്റ്റാൾജിയ പംക്തിയിൽ പൂവുകൾക്കുപോലും ഗന്ധമില്ലാത്ത കരിമ്പനകളുടെ തല ചുറ്റിക്കുന്ന മണം മാത്രം കാറ്റിൽ പരക്കുന്ന ഒരു മരുദേശത്ത് നിന്ന് കേരളത്തെ പ്രണയിക്കുകയാണ് എഴുത്തുകാരി എസ്.സിത്താര. ഗാന്ധാരികെട്ടുകൾ നിറഞ്ഞ എന്റെ മായദ്വീപ് എന്നാണ് കുറിപ്പിന്റെ തലക്കെട്ട്. അവസാനകാലത്ത് സിനിമയോട് എന്തോ മടുപ്പ് അച്ഛന് തോന്നിത്തുടങ്ങിയിരുന്നു എഴുത്തിലേക്ക് തിരിയണമെന്ന് ഇടയ്ക്ക് പറയും. നടൻ മുരളിയുടെ ഓർമ്മകൾ പങ്കുവെയ്ക്കുന്ന മകൾ കാർത്തികയുടേതാണീ വാക്കുകൾ.

**കുരിശ് രക്ഷയുടെ ആയുധം**

കുരിശടയാളം പൈശാചിക ശക്തികൾക്കെതിരായ ആയുധം എന്ന ബെന്നി പുന്നത്തറയുടെ ലേഖനം ശാലേം ടൈംസ് മാസികയിലുണ്ട്. കുരിശടയാളം വരയ്ക്കാതെ ഒരിക്കലും നിങ്ങളുടെ ഭവനം വിട്ടിറങ്ങരുത്. നിങ്ങൾക്കൊരു വടിയും ആയുധവും ആർക്കും കീഴടക്കാനാകാത്ത കോട്ടയം ആയിരിക്കും. ഈ വിധ ശക്തമായ ആയുധം ധരിച്ചിരിക്കുന്നത് കാണുമ്പോൾ മനുഷ്യരോ പിശാചുക്കളോ നിങ്ങളെ അക്രമിക്കാൻ ധൈര്യപ്പെടുകയില്ല.

വിശ്വാസമെന്നാൽ ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുന്നതിനുള്ള ഉപാധിയല്ല. ഇരുൾമൂടിയ ജീവിതവഴികളിൽ വെളിച്ചംകാട്ടിത്തരുന്ന വിളക്കാണത്. വേദനാപൂർണ്ണമായ നീണ്ട കാത്തിരിപ്പിന് അബ്രഹാത്തിന്റെ ദൈവത്തിലുള്ള വിശ്വാസത്തെയോ ദൈവാശ്രയത്തെയോ മാറ്റിക്കളയാനാകില്ല. അതുകൊണ്ടാണ് അബ്രഹാമിന്റെ വിശ്വാസം അവന് നീതിയായി പരിണമിച്ചത്. അന്ധകാരത്തിലും പ്രത്യാശ കൈവിടാത്തവരുടെ രഹസ്യം എന്ന സ്റ്റെല്ല ബെന്നിയുടെ ലേഖനത്തിലാണ് ഈ നിരീക്ഷണം.

## വരിഞ്ഞവിള സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി പെരുന്നാൾ സമാപിച്ചു

ചാത്തന്നൂർ : വരിഞ്ഞവിള സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളി പെരുന്നാൾ സമാപിച്ചു. വി.കുർബ്ബാനയ്ക്ക് കണ്ടനാട് ഭദ്രാസനാധിപൻ ഡോ.തോമസ് മാർ അത്താനാസിയോസ് പ്രധാന കാർമ്മികത്വം വഹിച്ചു. തുടർന്ന് വാദ്യമേളങ്ങളോടെ റാസ നടത്തി. റൂറൽ എസ്.പി. കെ.ബി.ബാലചന്ദ്രൻ, ഡി.വൈ.എസ്.പി. കെ.എൻ.ജോൺകുട്ടി, പള്ളി മാനേജിംഗ് ട്രസ്റ്റി വി.കെ.ജോർജ്, ഭദ്രാസന സെക്രട്ടറി ഫാ.ബേബി തോമസ്, ഫാ.ഗീവർഗീസ് മഞ്ഞോട്, കോയിപ്പുറം ജേക്കബ് വർഗീസ്, ജേക്കബ് തോട്ടത്തിൽ, പുന്നക്കോട് ദേവി ക്ഷേത്രം തന്ത്രി രാജൻ, ഇടവക വികാരി ഫാ.കോശി ജോർജ് എന്നിവർ പങ്കെടുത്തു.

## കാതോലിക്കേറ്റ് ശതാബ്ദി ചിത്ര പ്രദർശനം

മാവേലിക്കര : കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന്റെ നൂറാം വാർഷികത്തിന്റെ ഭാഗമായി പത്തിച്ചിറ സെന്റ് ജോൺസ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ചരിത്രത്തിലെ സുവർണ്ണ സംഭവങ്ങൾ കോർത്തിണക്കി ഒരു ചിത്രപ്രദർശനം സെപ്റ്റംബർ 15,16 തീയതികളിൽ പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ വലിയ പള്ളിയിൽ ഒരുക്കുന്നു. സഭയിലെ വിവിധങ്ങളായ ചരിത്രമുഹൂർത്തങ്ങൾ, സഭയെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരുടെ ചിത്രങ്ങൾ, വിവിധ ദേവാലയങ്ങൾ, മുഖ്യ കല്പനകൾ തുടങ്ങി വിജ്ഞാനപ്രദമായ നിരവധി ചിത്രങ്ങൾ ഇവയിൽ ഉൾപ്പെടുന്നു. ഫാ. കോശി മാത്യു, ഫാ.ടി.എസ്.നൈനാൻ, സാബു ജി., ജോ.തോമസ് ജോൺ, ലിജോ ജോൺ തുടങ്ങിയവർ നേതൃത്വം നൽകും.

**THANKS GIVING**
**SAINT CLARE'S PRAYER**

May the Secred Heart of Jesus be praised, adored, glorified & loved today and everyday throughout the world, now and forever, Amen. Ask St.Claire for three favours two imposible and say nine Hail Mary's and the above prayer for nine days, with a lighted candle. Pray whether you believe or not and publish on the ninth day. Your reguest will be granted no matter how imposible it is.

**RUBY JOSE**

## ഓണകിറ്റ് വിതരണം ചെയ്തു

കൊല്ലം : പെരുമ്പുഴ സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം, ഓണാഘോഷ പരിപാടികളോട് അനുബന്ധിച്ച് സമൂഹത്തിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് ഓണകിറ്റ് വിതരണം ചെയ്തു. വികാരി ഫാ.ജോസ് എം.ഡാനിയേലിന്റെ നേതൃത്വത്തിൽ ക്രൈസ്തവരും അക്രൈസ്തവരുമായ പത്തുപേരുടെ ഭവനങ്ങളിൽ ചെന്ന് ഓണം ആശംസിക്കുകയും ആവശ്യമായ പലചരക്ക് പച്ചക്കറി സാധനങ്ങൾ അടങ്ങിയ കിറ്റ് നൽകുകയും ചെയ്തു. സിജിൻ സാമുവൽ, ഷാനു സാമുവൽ, റിബിൻ എന്നിവർ നേതൃത്വം നൽകി.

## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

# പുളിച്ചമാവ് – പ്രകടനപരതയുടെ അപകടങ്ങൾ

## ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

### സ്ലീബാ പെരുന്നാളിനുശേഷം ഒന്നാം ഞായർ

**വേദഭാഗം വി.മർക്കോസ് 13:28–37**

ആരാധനാവർഷത്തിലെ അവസാനകാലഘട്ടത്തിലെ ആദ്യഞായറാഴ്ചയാണിത്. നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിനെയും ലോകാവസാനത്തെയും സൂചിപ്പിക്കുന്ന ചിന്തകളാണ് തുടർന്നുള്ള ഞായറാഴ്ചകളിലെയൊക്കെ വേദഭാഗങ്ങളിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്. ഇന്നത്തെ വേദഭാഗം ഉൾക്കൊള്ളുന്ന വി. മർക്കോസിന്റെ സുവിശേഷം 13–ാം അദ്ധ്യായം മുതൽ കാലാവസാനത്തെപ്പറ്റിയുള്ള സൂചനകളാണ് കാണുന്നത്. ഉണർന്നിരിക്കുക, സൂക്ഷിക്കുക എന്നീ ആശയങ്ങൾ ശക്തമായി ആവർത്തിക്കുന്നു.

### ഉണർവ്വ് – നിലനിൽപ്പിന്റെ ആവശ്യകത

ഓരോ ഉറക്കവും മരണത്തിന്റെ ചെറിയ പതിപ്പാണെന്ന് കേട്ടിട്ടുണ്ട്. അസമയത്തെ ഉറക്കം ജീവിതത്തിന്റെ ഗതിവേഗം തകർക്കുകയും നിലനിൽപ്പിനെ അപകടപ്പെടുത്തുകയും ചെയ്യും. പത്തുകന്യകമാരുടെ ഉപമയിൽ മണവാളനോടൊപ്പം മണവറയിലെ അവരുടെ നിലനിൽപ്പിന്റെ അവസ്ഥ സാധ്യമാക്കുന്നത് സമയത്തെ ഉണർവ്വും ഒരുക്കവുമാണ് (വി.മത്തായി 25:13). ഒന്നാം തെസലോനിക്യാ ലേഖനം അഞ്ചാം അദ്ധ്യായം 5,6 വാക്യങ്ങളിൽ പകലും രാത്രിയും യഥാക്രമം നന്മതിന്മകളുടെ സൂചനകളായെടുത്തുകൊണ്ട് ഉറക്കം തിന്മയിലുള്ള നിൽപ്പും ഉണർവ്വ് നന്മയിലുള്ള നിൽപ്പും ആയി പൗലോസ് ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നു.

ഉണർന്ന ബോധാവസ്ഥ, ജാഗ്രതാവസ്ഥ അഥവാ ഉണർവ്വിന്റെ പൂർണ്ണതയിലേക്ക് ഒരാൾ കടന്നുചെല്ലുന്നത് ഇങ്ങനെയാവണം എന്നത് ഒരു കഥ വായിച്ചത് ഓർക്കുന്നു. ഉണർന്നിരിക്കുമ്പോൾപോലും ഉറങ്ങുന്നവരുടെ ലോകത്ത് ഉറക്കത്തിൽപോലും ഉണർന്നിരിക്കാൻ പഠിപ്പിച്ച ഒരു ധ്യാനഗുരുവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സമീപം ഒരു യുവാവ് ധ്യാനം പഠിക്കാനെത്തി. ഗുരു അയാളെ ശിഷ്യനായി സ്വീകരിക്കുകയും അങ്ങനെ മൂന്നുവർഷങ്ങൾ കഴിയുകയും ചെയ്തു. പക്ഷെ യുവാവ് ധ്യാനം തുടങ്ങുകപോലും ചെയ്യാത്ത നിലയിൽ തുടരുകയും ചെയ്തു. ഒരുദിവസം ഗുരു യുവാവിന്റെ പിന്നിൽ വന്നുനിന്ന് ആക്രമിച്ചു. അവൻ നിലം അടിച്ചുവാരുകയായിരുന്നു. അപ്പോൾ ഗുരു മരവാൾകൊണ്ട് ആക്രമിച്ചു. പയ്യൻ നിലവിളിയോടെ ഒന്നുചാടി. ഗുരു പറഞ്ഞു. ഇതാദ്യത്തെ പാഠമാണ്. ഇനി കരുതിയിരിക്കുക. ഏതു നിമിഷവും ഞാൻ നിന്നെ ആക്രമിക്കാം. അതുകൊണ്ട് വൃത്തിയാക്കുകയോ തുടക്കുകയോ ചെയ്യുമ്പോൾ പോലും കരുതിയിരിക്കുക. ഞാൻ ഒരു ആപൽക്കാരിയാണ്. തുടർന്ന് ആക്രമണങ്ങൾ ആരംഭിച്ച് മൂന്നുമാസങ്ങൾക്കകം യുവാവ് അത്യന്തം ജാഗ്രതയിലെത്തി. അവൻ ആ വിദ്യ പഠിച്ചു. ഒരുദിവസം ഗുരു മൊഴിഞ്ഞു. ഇതു പോര ഇന്നുമുതൽ നീ ഉറക്കത്തിലും ജാഗ്രതയുള്ളവനാകണം. ഉറക്കത്തിൽ ഏതു നിമിഷവും ഞാൻ നിന്റെമേൽ ചാടിവീഴും. ഗുരു കിടത്തം ശിഷ്യന്റെ മുറിയിലാക്കി. ഇപ്പോൾ ഉറക്കത്തിൽപോലും അയാൾ ഏകനല്ല. പയ്യൻ സംഗതികൾ വേഗം പഠിച്ചകൊണ്ടിരുന്നു. കാരണം ഒരുരാത്രി പന്ത്രണ്ടുതവണ എങ്കിലും ഗുരു അവന്റെ മീതെ ചാടിവീഴും. അദ്ദേഹം ഏതുസമയത്തും ആക്രമിച്ചേക്കാം. അവൻ വളരെ വളരെ ഉണർന്നുകൊണ്ടിരുന്നു. ഒരുമാസംകൂടി പിന്നിട്ടു അപ്പോൾ അയാളുടെ ശരീരം ഉറങ്ങുകയും പക്ഷെ അയാൾ ഉണർന്നിരിക്കുകയും ഉണ്ടായി. ഉറക്കത്തിൽപോലും അയാൾ ഉണർവ്വുള്ളവനായി. ക്രമേണ യുവാവിന്റെ അവബോധം അഗാധമായി തുടങ്ങി. ഇപ്പോൾ അവൻ ഏതുനേരവും ഉണർവ്വുള്ളവനായിരിക്കുന്നു. കാരണം ഉണർവ്വ് നിലനിൽപ്പിന്റെ പ്രശ്നമാണ്.

### സ്വയം നശിക്കാനുള്ള ഉറക്കം

ഉദാഹരണമായി ചൂണ്ടിക്കാട്ടാനുള്ളത് ശിംശോന്റെ ഉറക്കമാണ്. ദൈവം അറിഞ്ഞുകൊണ്ട് ഏറെ വരങ്ങൾ കൊടുത്ത ഒരാൾ ഒരുപക്ഷെ വേദപുസ്തകത്തിലെ ഏറ്റവും കായികശക്തിയുള്ള ഒരാൾ. ദൈവത്തിന് സ്വയം പ്രതിഷ്ഠിക്കപ്പെട്ട ഒരാൾ തന്റെ ശക്തിയും ദൗർബല്യവും വ്യക്തമായി തിരിച്ചറിയാവുന്ന ശിംശോൻ പ്രണയിനിയുടെ മടിയിൽ കിടന്നുള്ള മയക്കം സ്വയം നശിക്കാനുള്ള ഉറക്കമാണ്. അത് അയാളുടെ അന്ത്യത്തിന് കാരണമായി. ദൈവത്തിന്റെ പൈതൽ ഉണർന്നിരിക്കേണ്ട സാഹചര്യങ്ങളിൽ സ്വയം നശിക്കാനുള്ള ഉറക്കം ഉറങ്ങരുത്. സദൃശ്യവാക്യങ്ങൾ 14ന്റെ 12 പറയുന്നു. ചിലപ്പോൾ ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നുന്നു. അതിന്റെ അവസാനമോ മരണവഴികളത്രെ.

### സ്വയം മറന്നുള്ള ഉറക്കം

ഉദാഹരണമായി ചൂണ്ടിക്കാട്ടാറുള്ളത് ചൂരച്ചെടിയുടെ തണലിലെ ഏലിയാവിന്റെ ഉറക്കമാണ്. എല്ലാവരും നിരാശിതരാവുമ്പോൾ പ്രത്യാശവാനാകുകയും എല്ലാവരും പ്രത്യാശിക്കുകയും ചെയ്യുമ്പോൾ നിരാശിതനാവുകയും ചെയ്യേണ്ട ആളാണ് ഒരു പ്രവാചകൻ. എന്നാൽ ദൈവത്തിന്റെ പ്രിയപ്പെട്ട പ്രവാചകനായ ഏലിയാവ് തന്റെ വലുപ്പവും നിയോഗവും മറന്നുകൊണ്ട് മരണത്തെ ആഗ്രഹിച്ച് ചൂരച്ചെടിതണലിൽ സ്വയം മറന്ന് കിടന്നു. ഏലിയാവ് അവിടെ ദൈവത്താൽ ശാസിക്കപ്പെടുകയും ശക്തീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഹ്രസ്വമായ നമ്മുടെ ജീവിതത്തിൽ ചങ്ങലപോലെ ഉത്തരവാദിത്വങ്ങൾ വന്നുപോകുന്നുണ്ട്. ഉത്തരവാദിത്വങ്ങളിൽ ഉണർവ്വുള്ളവനാണോ നീ. അതോ ഉത്തരവാദിത്വങ്ങളിൽ ഉറക്കം തൂങ്ങുന്നുണ്ടോ. വഷളായിപോയ പ്രപഞ്ചത്തിലെ ഏക നീതിമാൻ നോഹ ലഹരിപിടിച്ചു സ്വയം മറന്നുറങ്ങുന്നതിന്റെ അപഹാസ്യത ഉൽപത്തി ഒൻപത് വിവരിക്കുന്നത് ലഹരിസ്നേഹികളൊക്കെ വായിക്കണം.

### സ്വയം മറച്ചുള്ള ഉറക്കം

ഉദാഹരണമായി ചൂണ്ടിക്കാട്ടാനുള്ളത് കപ്പലിന്റെ അടിത്തട്ടിലെ യോനയുടെ ഉറക്കമാണ്. അയാൾ എന്തിനാണ് കപ്പലിന്റെ അടിത്തട്ടിലേക്ക് പോയത്. ആരെ മറക്കാനാണ്. ദൈവം ചൂണ്ടിക്കാണിച്ച ഇടത്തേക്ക് പോകാതെ സ്വന്തം ഈഗോ നയിക്കുന്നിടത്തേക്ക് അദ്ദേഹം യാത്രയായി എന്നിട്ട് ദൈവത്തിനുമുമ്പിൽ കള്ളനും പോലീസും കളിക്കുന്നു. ഈ പ്രപഞ്ചത്തെ മുഴുവൻ ഉള്ളംകയ്യിൽ വഹിക്കുന്നവന്റെ മുമ്പിൽ സ്വയം മറച്ചുള്ള ഈ ഉറക്കം എവിടെ എത്തുന്നു. നമ്മുടെ ഒക്കെ ആന്തരീക പൊള്ളത്തരങ്ങളെ നാം മനുഷ്യരുടെ മുമ്പിൽ മറയ്ക്കാറുണ്ട്. പക്ഷെ സർവ്വശക്തന്റെ മുമ്പിൽ അതിനാകുമോ. യോനായുടെ ചില ശാഠ്യങ്ങൾ ഒരു പാഠമാണ്. സദൃശ്യവാക്യങ്ങൾ 29:1 പറയുന്നു കൂടെക്കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടന്ന് നശിച്ചുപോകും.

### സ്വന്തമായതിനെ മറന്നുള്ള ഉറക്കം

ഉദാഹരണമായി ചൂണ്ടിക്കാട്ടാനുള്ളത് ശിഷ്യന്മാരുടെ ഗത്സമനിലെ നേരംകെട്ട നേരത്തെ ഉറക്കമാണ്. പന്തിരുവരിലെ സ്വന്തമായിരുന്നു തമ്പുരാൻ. അല്പം മുമ്പ് ഒരുമിച്ച് ഒരേ പാത്രത്തിൽ പങ്കുപറ്റിയവരും ഒരുമിച്ച് പാട്ടുപാടിയവരുമായിരുന്നു. എന്നോടൊപ്പം ഉണർന്നിരിക്കാൻ അവിടുന്ന് ഈ സ്വന്തക്കാരോട് ആവശ്യപ്പെട്ടതുമായിരുന്നു. എന്നാൽ അവർ അതൊക്കെ മറന്ന് ഉറങ്ങിപ്പോയി. അങ്ങനെ ഈ രാത്രിയിൽ അവർ സ്വയം അന്യന്മാരായിപ്പോയി. നീയും ഒന്നോർക്കണം ആർക്കൊക്കെയോ വേണ്ടി നീ ഉണർന്നിരിക്കേണ്ടവനാണ് എന്നുള്ളത്.

### സ്ലീബായ്ക്ക് ശേഷം രണ്ടാം ഞായർ

**വേദഭാഗം വി.മത്തായി 16:5–12**

പന്തിരുവരോട് മാത്രമായി കർത്താവ് പറയുന്ന ചില മുന്നറിയിപ്പുകളാണ് ഇവിടെ വിവരിക്കുന്നത്. പുളിച്ച മാവ് എന്നതുകൊണ്ട് നല്ലതിനോ ചീത്തക്കോ മുഴുവൻ കാരണമായേക്കാവുന്ന നിർണ്ണായക സ്വാധീനമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. കേൾവിക്കാരുടെ മനസ്സിലേക്ക് നെഗറ്റീവ് ആയൊരു അടയാളം നൽകി അവരുടെ ചിന്തകളെ കീഴടക്കുവാൻ പുളിമാവ് പോലുള്ള പ്രയോഗങ്ങൾ കർത്താവ് ഉപയോഗിക്കുന്നു.

### കേൾപ്പതൊന്ന് ഗ്രഹിപ്പതൊന്ന്

നമ്മുടെ കേൾവിയേക്കാൾ ചില നേരങ്ങളിൽ നമ്മുടെ ചിന്തകളാണ് ഗ്രഹണത്തിന് കാരണമാകുന്നത്. പരീശരുടെയും സാദൂക്യരുടെയും പുളിച്ചമാവ് എന്ന് കർത്താവ് പറയുമ്പോഴേയ്ക്കും ശിഷ്യരുടെ മനസ്സിൽ തലേന്ന് മിച്ചംവന്ന അപ്പത്തിന്റെ ചിന്തകൾ ഉണരുന്നു. ഇതൊരു ദുർവിധിയാണ്. നാം വായിക്കുന്നതോ കേൾക്കുന്നതോ അല്ല നമ്മുടെ ഗ്രഹണത്തിന് കാരണാകുന്നത്. നമ്മുടെ ചിന്തകളും താൽപര്യങ്ങളുമാണ്. നിക്കോദിമോസിന് ബുദ്ധിക്ക് കുറവൊന്നുമില്ല. വീണ്ടും ജനനത്തെക്കുറിച്ച് യേശു പറയുമ്പോൾ വളരെ ബയോളജിക്കലായി അദ്ദേഹം ഗ്രഹിക്കുന്നു. മൂന്നുദിവസംകൊണ്ട് പൊളിച്ചുപണിയുന്ന മന്ദിരത്തെക്കുറിച്ച് യേശു പറയുമ്പോൾ പുരുഷാരത്തിന് യെരുശലേം ദേവാലയത്തിന്റെ കാര്യം മാത്രം ഓർമ്മവരുന്നു. തന്റെ ശരീരത്തെക്കുറിച്ച് പറഞ്ഞുവെന്ന് സുവിശേഷകൻ ഓർമ്മപ്പെടുത്തുന്നു. നാം വചനം വായിക്കുമ്പോൾ ചിലപ്പോൾ ഇങ്ങനെയാണ്. നമ്മുടെ താൽപര്യങ്ങൾക്കനുസരിച്ച് ഗ്രഹിക്കുകയും പ്രഘോഷിക്കുകയും ചെയ്യും. നമുക്കുണ്ടാകുന്ന തോന്നലുകളൊക്കെ സ്വന്തം ആത്മാവിൽനിന്നാണോ പരിശുദ്ധാത്മാവിൽനിന്നാണോ എന്നൊന്നും ചിന്തിക്കുന്നതേയില്ല. ദൈവമേ സത്യമായത് ഗ്രഹിപ്പാൻ വരംനൽകണേ എന്ന് പ്രാർത്ഥിക്കാം.

### പുളിച്ചമാവ് – പ്രകടനപരതയുടെ അപകടങ്ങൾ

പരീശരുടെയും സാദൂക്യരുടെയും ഉപദേശങ്ങൾക്ക് ഏഴുനിറങ്ങളുടെ ചന്തവും ഏഴുസ്വരങ്ങളുടെ ശ്രുതിയുമുണ്ട്. പക്ഷെ പ്രായോഗികതയിലും പ്രവർത്തിപഴക്കത്തിലും ഇരുളു മൂടിയ ഇടവഴിയുടെ ചന്തം മാത്രമേയുള്ളു. ഇവിടെ മാത്രമല്ല മറ്റ് പല വേദഭാഗങ്ങളിലും കർത്താവ് ഈ പ്രതിഭാസത്തെ അപഹസിച്ചിട്ടുണ്ട്. പുറംതോടിന്റെ ഷോകെയ്സ് സംസ്ക്കാരം അന്നും ഇന്നും എല്ലാ മേഖലകളിലുമുണ്ട്. മിനുസപ്പെടുത്തിയ വാക്കുകളും ഉപദേശങ്ങളുമല്ല പറഞ്ഞതൊക്കെ പ്രവർത്തിയിലെത്തിക്കുന്നതാണ് ന്യായപ്രമാണത്തിന്റെ പൂർത്തീകരണം എന്ന് യേശു പഠിപ്പിക്കുന്നു. ഒരു മലയിൽവെച്ച് പറഞ്ഞതൊക്കെ (ഗിരിപ്രഭാഷണം) മറ്റൊരു മലയിൽവെച്ച് അവിടുന്ന് പൂർത്തിയാക്കുന്നു (കാൽവറി). ഏതാണ്ട് പതിമൂവായിരം ദിവസങ്ങളിൽ താഴെ മാത്രം ജീവിച്ച ഒരാൾ എല്ലാം നിവൃത്തിയായി എന്നുപറഞ്ഞ് കടന്നുപോകുന്നു.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ക്യാപ്റ്റൻ ഡോ.മർക്കോസ് എൽ പാറേട്ട് & ഡോ.മെറിൻ ജേക്കബ്**


## അഡ്മിഷൻ 2012–2013

**ബാംഗ്ലൂരും പരിസരത്തുമുള്ള പ്രശസ്തവും നല്ല വിജയശതമാനവുമുള്ള കോളജുകളിൽ വിവിധ കോഴ്സുകളിലേക്ക് കോളജുകളിൽ നേരിട്ട് ബന്ധപ്പെടുത്തി അഡ്മിഷൻ വാങ്ങികൊടുക്കുന്നതാണ്.**

**No Donation and Less fees**

**Fees Direct to College**

**Course**

**B.Sc.Nursing, GNM, M.Sc.Nursing, PC BSc Nursing with KNC & INC (with Medical College in Banglore City), Engineering (all branches) BDS, B.Pham, D.Pham, BPT, Pham D, M.Tech, Bio-Technology, BCA, BBM, BHM, MCA, MBA, B.Ed, Multmedia, Physical Education (Degree & Dploma) courses and any other courses.**

**Only 75000/- per year for B.Sc.Nursing including hostel, food, transportation, eligibility fees etc., fees installment basis**

**For Admission Contact :**

**K.C.Raju, 63,4th Cross, Vinayaka Layout II Stage, Kempapura, Hebbal, Banglore -24**

**Phone : 080-23434282, 09448507035**

# മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിന്റെ രേഖകൾ : ഫാ.ഡോ.എം.ഒ.ജോൺ

കാതോലിക്കാ വാഴ്ചയ്ക്കുശേഷം പ.അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് ബാവാ രണ്ട് കല്പനകൾ പുറപ്പെടുവിക്കുകയുണ്ടായി. കാതോലിക്കാ വാഴ്ചയുടെ ദിവസം തന്നെ നിരണം പള്ളിയിൽനിന്ന് പുറപ്പെടുവിച്ചതാണ് ഒന്നാമത്തെ കല്പന. ആ വർഷം (1088) കുംഭം എട്ടാം തീയതി പരുമല പള്ളിയിൽനിന്നും പുറപ്പെടുവിച്ചതാണ് രണ്ടാമത്തെ കല്പന. കാതോലിക്കാ വാഴ്ച നടന്ന തീയതി സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. സെപ്റ്റംബർ 12, 14, 15, 17 എന്നീ തീയതികൾ വിവിധ ചരിത്രകാരന്മാർ ഇത് സംബന്ധിച്ച് രേഖപ്പെടുത്തുന്നുണ്ട്. പല കണക്കുകളും പരിശോധിച്ചതിനുശേഷം കാതോലിക്കാ വാഴ്ച നടന്നത് 1912 സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ച എന്നാണ്. മനസ്സിലാകുന്നത്. അബ്ദേദു മ്ശിഹാ പാത്രിയർക്കീസിന്റെ കല്പന എഴുതിയ തീയതി കന്നിമാസം രണ്ടാം തീയതിയാണ്. കന്നി എന്നുപറഞ്ഞിരിക്കുന്നത് സുറിയാനി പഞ്ചാംഗത്തിലെ സുറിയാനി മാസത്തിലെ ഈലൂൽ മാസമാണ്. ആ തീയതിയോട് പതിമൂന്നുദിവസം ചേർക്കുന്നതാണ് ഇംഗ്ലീഷ് മാസക്കണക്ക്. അതായത് കന്നി (ഈലൂൽ) രണ്ടിനോട് പതിമൂന്ന് ചേർക്കുമ്പോൾ സെപ്റ്റംബർ 15 വരുന്നു. ഇതിനു തുല്യമായ മലയാളവർഷതീയതി കൊല്ലവർഷം 1088 ചിങ്ങം 31 ആണ്. കാതോലിക്കാ വാഴ്ച നടന്നത് 1912 സെപ്റ്റംബർ 15 ഞായർ അഥവാ കൊല്ലവർഷം 1088 ചിങ്ങം 31. സുറിയാനിവർഷം ഈലൂൽ രണ്ട്

## 1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചുകൊണ്ട് പ.അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് പുറപ്പെടുവിച്ച കല്പനയുടെ പ്രസക്തഭാഗം

സർവ്വശക്തനായി സാരാംശസമ്പൂർണ്ണനായിരിക്കുന്ന നിത്യന്റെ തിരുനാമത്തിൽ തനിക്കു സ്തുതി. അന്ത്യോഖ്യായുടെ ശ്ശൈഹിക സിംഹാസനത്തിന്റെ രണ്ടാമത്തെ അബ്ദേദു മ്ശിഹാ ആകുന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ്.

(മുദ്ര)

സെഹിയോൻ മാളികയൽവെച്ച് നമ്മുടെ കർത്താവേശുമിശിഹാ തന്റെ പരിശുദ്ധ ശ്ലീഹന്മാർക്ക് നൽകുകയും തന്റെ സാന്നിധ്യത്താൽ അവരുടെ ഹൃദയങ്ങളെ സന്തോഷപ്പിക്കുകയും ചെയ്തതായ ദൈവീക കൃപയും സ്വർഗ്ഗീയ വാഴ്വും പരിശുദ്ധവും ആത്മീയവുമായ സമാധാനവും, വിലയേറിയ തന്റെ തിരുരക്തത്താൽ വിലയ്ക്കുകൊള്ളപ്പെട്ടവരും വിശുദ്ധ മാമോസീദായാൽ മുദ്രകുത്തപ്പെട്ടവരും, സത്യവിശ്വാസത്താൽ അലംകൃതരും, പത്രോസിനടുത്ത പാറമേൽ സുസ്ഥിരരും, ഏവൻഗേലിയോന്യവും പൈതൃകവുമായ കല്പനകളെ അനുസരിക്കുന്നവരും ആയ വാഴ്ത്തപ്പെട്ടപ്രധാനാചാര്യന്മാരും.............. ആയ വൽസലന്മാരുടെ ശിരസ്സുകളിന്മേൽ വന്ന് ആവസിക്കുമാറാകട്ടെ........... നിരണത്ത് വിശുദ്ധ ദൈവമാതാവിന്റെ പള്ളിയിൽവെച്ച് മലങ്കരയിലെ ത്രൊപ്പോലീത്തന്മാരുടെ തലവനായ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായോടും ശേഷം മേൽപട്ടക്കാരോടും ദയറാക്കാരോടും ശെമ്മാശ്ശന്മാരോടും വിശ്വാസികളുടെ ഒരു വലിയ സമൂഹത്തോടുംകൂടി മ്ശിഹാകാലം 1912 കന്നിമാസം രണ്ടാം തീയിത ഞായറാഴ്ച സന്നിഹിതനായി നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ വാൽസല്യവാനായ ഈവാനിയോസിനെ ബസ്സേലിയോസ് എന്ന നാമധേയത്തിൽ മഫ്രിയാനായായി കിഴക്കിന്റെയും അതായത് ഇന്ത്യയിലും മറ്റുമുള്ള മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കാ ആയി നാം പട്ടംകൊടുത്തിരിക്കുന്നു. തദവസരത്തിൽ എല്ലാ പിതാക്കന്മാരും ശേഷം ജനങ്ങളും ഓക്സിയോസ്, ഓക്സിയോസ് മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ യോഗ്യനും അർഹനുമാകുന്നു എന്ന് ഏകസ്വരത്തിൽ അട്ടഹസിച്ചുപറഞ്ഞ്, വിളിക്കുയോഗ്യനായിത്തീർന്ന പ്രകാരം അദ്ദേഹം കാതോലിക്കാ ആയി ആഘോഷിക്കപ്പെടുകയും ചെയ്തു. നമ്മുടെ കർത്താവേശുമിശിഹായാൽ പരിശുദ്ധശ്ലീഹന്മാർക്കു ദാനം ചെയ്യപ്പെട്ടതുപോലെ ദീവന്നാസിയോസ് അദ്ധ്യക്ഷനായിരിക്കുന്ന മലങ്കര അസോസിയേഷൻ അംഗങ്ങളുടെ ആലോചനയോടുകൂടി പരിശുദ്ധസഭയുടെ ക്രമപാലനത്തിനാവശ്യമായ എല്ലാ ആദ്ധ്യാത്മിക അംശങ്ങളും പൊതുവായി ശുശ്രൂഷിപ്പാൻ അദ്ദേഹത്തിനു പരിശുദ്ധ റൂഹായാൽ അധികാരം നൽകപ്പെട്ടു. അതായത് മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും പട്ടം കെട്ടുവാനും പരിശുദ്ധ മൂറോൻകൂദാശ ചെയ്യുവാനും ആത്മീയങ്ങളായ ശേഷമുള്ള എല്ലാ അംഗങ്ങളെയും ശുശ്രൂഷിക്കുവാനും പ്രത്യേകിച്ച് ഇതുവരെയും ഭരിച്ചിരുന്നതുപോലെ കണ്ടനാട് ഭദ്രാസന ഇടവകയെ ഭരിപ്പാനും തന്നെ. ഇതുനിമിത്തം നിങ്ങളുടെ സന്തോഷം ആത്മീകവും പരിപൂർണ്ണവും ആകുമാറ് ആത്മീകശബ്ദത്തിൽ നമ്മോടൊന്നിച്ചു അവർ ഉച്ചൈസ്തരം ഘോഷിച്ചു.........

ദൈവകൃപയാൽ പൂർവ്വിക സുറിയാനി ജനതയുടെ പാത്രിയർക്കീസാകുന്ന അബ്ദേദു മ്ശിഹാ

മിശിഹാകാലം 1912 കന്നി രണ്ടാം തീയതി നിരണം പള്ളിയിൽവെച്ച് എഴുതപ്പെട്ടു.

## ശതാബ്ദി ആഘോഷം....പേജ് 1-ൽനിന്ന്

**സന്ദേശയാത്ര**

കുറിയാക്കോസ് മാർ ക്ലിമ്മീസ്, ഫാ.ഡോ.എം.ഒ.ജോൺ

**പാർക്കിംഗ് കമ്മിറ്റി**

യൂഹാനോൻ മാർ മിലിത്തിയോസ്, ജോൺസൺ കല്ലട

**ഫുഡ് കമ്മിറ്റി**

യൂഹാനോൻ മാർ പോളീകാർപ്പസ്, കുര്യൻ സി.ഐസക്

**വോളന്റിയേഴ്സ് കമ്മിറ്റി**

ഏബ്രഹാം മാർ എപ്പിഫാനിയോസ്, അഡ്വ.അനിൽ പി.വർഗീസ്

**സ്റ്റേജ് കമ്മിറ്റി**

ഡോ.മാത്യൂസ് മാർ തീമോത്തിയോസ്, എം.ഐ.ജോർജ്

**ക്രൈസിസ് മാനേജ്മെന്റ്**

ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ്

**റിസപ്ഷൻ കമ്മിറ്റി**

ഡോ.യൂഹാനോൻ മാർ ദിമെത്രയോസ്, റോണി വർഗീസ് ഏബ്രഹാം

**ലൈറ്റ് ആന്റ് സൗണ്ട്സ്**

ഡോ.ഗീവർഗീസ് മാർ യൂലിയോസ്, സാബു ഡാനിയേൽ

**സുവനീർ കമ്മിറ്റി**

ഡോ.ഏബ്രഹാം മാർ സെറാഫിം, മാത്യു ചെറിയാൻ

## മലയാള മനോരമയിൽ വന്ന റിപ്പോർട്ടുകൾ

### 1912 സെപ്റ്റംബർ 14 ശനി

### പൗരസ്ത്യ കാതോലിക്കാ ബാവാ

ക്രിസ്തീയ സഭയുടെ പ്രാരംഭദിശ മുതൽക്കെ ഏഷ്യാഖണ്ഡത്തിലെ പൗരസ്ത്യസഭ രണ്ടുഭാഗങ്ങളായി രണ്ട് അദ്ധ്യക്ഷന്മാരുടെ കീഴിൽ നിലനിന്നുവരുന്നതാണ്. പടിഞ്ഞാറേ ഭാഗത്തിന്റെ അദ്ധ്യക്ഷൻ അന്ത്യോഖ്യാ പാത്രിയർക്കീസും കിഴക്കെ ഭാഗത്തിന്റെ അദ്ധ്യക്ഷൻ കാതോലിക്കായുമായിരുന്നു. പാത്രിയർക്കീസിനുള്ള സർവ്വ അധികാരങ്ങളും കാതോലിക്കായ്ക്കുണ്ടായിരുന്നു. എന്നുവരികിലും രണ്ടുപേരുംകൂടി ചേരുന്ന സഭകളിൽ പാത്രിയർക്കീസിന് പ്രധാന സ്ഥാനവും കാതാലിക്കായ്ക്ക് രണ്ടാമത്തെ സ്ഥാനവും നൽകുകപതിവായിരുന്നു. രണ്ടുപേരുടേയും സഭകൾ ഒന്ന്, വിശ്വാസം ഒന്ന്, ഭരണനടപടികളും ഒന്ന്. എന്നാൽ ഭരണയന്ത്രം രണ്ട്, ഇടവകകളും രണ്ടുതന്നെ. പാത്രിയർക്കാ ഇടവകയുടെ ഉൾഭരണത്തിൽ പ്രവേശിക്കുന്നതിന് കാതോലിക്കായ്ക്കോ കാതോലിക്കായുടെ ഇടവകയുടെ ഉൾഭരണത്തിൽ പ്രവേശിക്കുന്നതിന് പാത്രിയർക്കീസിനോ അധികാരവും അവകാശവും ഉണ്ടായിരുന്നില്ല. പതിമൂന്നാം ശതാബ്ദത്തിനുശേഷം പാത്രിയർക്കാ ഇടവക ക്ഷയിച്ച് മിക്കവാറും നാമാവശേഷം ആയെങ്കിലും പാത്രിയർക്കാ സ്ഥാനം നിലനിന്നുപോന്നു. നേരെ മറിച്ച് കാതോലിക്കാ ഇടവകയ്ക്ക് മറ്റേതുപോലെ വലുതായ ക്ഷയം ഭവിച്ചതായി പറയാൻ പാടില്ലെന്നുവരികിലും കാതോലിക്കാ സ്ഥാനം പതിനാലാം നൂറ്റാണ്ടിൽ നാമാവശേഷമായി.

### 1912 സെപ്റ്റംബർ 18 ബുധൻ മലയാള മനോരമ മുഖപ്രസംഗം

### പൗരസ്ത്യ കതോലിക്കാ ബാവാ

സുറിയാനി ക്രിസ്ത്യാനികളുടെ പ്രധാന പുരോഹിതശ്രേഷ്ഠനായ അന്ത്യോഖ്യായിലെ പാത്രിയർക്കീസ് ബാവാ അവർകൾക്കുള്ള സർവ്വ അധികാര വലിപ്പങ്ങളോടുകൂടി ഒരു കാതോലിക്കാ ബാവാ അവർകളെ ലഭിപ്പാൻ ഭാഗ്യമുണ്ടായിട്ടുള്ള മലങ്കരസഭയെ ഞങ്ങൾ പ്രത്യേകം അനുമോദിച്ചുകൊള്ളുന്നു. മലങ്കര മാർത്തോമ്മാ സിംഹാസനത്തിലേക്ക് പൗരസ്ത്യകാതോലിക്കാ ആയി മോറോൻ മാർ ബസ്സേലിയോസ് എന്ന നാമത്തിൽ അഭിഷേകം ചെയ്യപ്പെട്ട സമുദായപൂജ്യനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളെക്കാൾ ഇതിനർഹനായിട്ട് വേറെ ആരും ഇന്നു മലങ്കരയിൽ ഇല്ലെന്നുള്ളത് തീർച്ചയാണ്.........

### (പ്ര.റി.) സെപ്റ്റംബർ 18

### പൗരസ്ത്യ കാതോലിക്കാസ്ഥാനം

....... ഒരു കസേരയിൽ ഇരുത്തി പൊക്കിക്കൊണ്ട് ബാവായും മെത്രാന്മാരും ശേഷം വൈദികജനങ്ങളുംകൂടി ഓക്സിയോസ് വിളിക്കുകയും ഇതുകൂടാതെ മദ്ബഹാ മദ്ധ്യേയും തെക്കും വടക്കും കൊണ്ടുപോയി മൂന്നുപ്രാവശ്യംവീതം ഓക്സിയോസ് വിളിക്കുകയും നാലാമത്തെ പ്രാവശ്യം മദ്ബഹായുടെ പടിഞ്ഞാറേ വാതിൽക്കൽകൊണ്ടുവന്ന് കസേരയിൽ പൊക്കി ഉയർത്തിപ്പിടിക്കുകയും അവിടെവെച്ച് മലങ്കര മർത്തോമ്മാ സിംഹാസനത്തിലേക്ക് പൗരസ്ത്യകാതോലിക്കാ ആയി അപ്പോൾ വാഴിക്കപ്പെട്ട മോറോൻ മാർ ബസ്സേലിയോസ് ബാവാ അവർകൾ ഏവൻഗേലിയോൻ വായിക്കുകയും ചെയ്തു.

### സെപ്റ്റംബർ 18

### പ.പാത്രിയർക്കീസ് ബാവായുടെ പ്രസംഗം

നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളെ, നിങ്ങളുടെ പിതാക്കന്മാർ കാണാൻ ആഗ്രഹിച്ചതും ആഗ്രഹിച്ചിരുന്നിട്ട് കാണാതിരുന്നതുമായ സംഭവമാണ് ഇന്ന് നടന്നിട്ടുള്ളത്. നമ്മുടെ സഭ നമ്മുടെ കർത്താവേശുമിശിഹായുടെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളായ വി.തോമാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണ്. ഇവിടെ എക്കാലത്തും അപ്പോസ്തോലിക കൈവെപ്പ് എന്നേയ്ക്കും നിലനിൽക്കത്തക്കവിധത്തിൽ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം ഇവിടെ സ്ഥാപിക്കുന്നതിന് ദൈവം സംഗതിയാക്കിയിരിക്കുന്നു.......... ഇപ്പോൾ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന കാതോലിക്കാ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൻമേൽ കിഴക്കിന്റെ കാതോലിക്കാ ആയി പൂർവ്വകാലത്ത് സെലൂക്യായിൽ ഭരിച്ചുവന്ന കാതോലിക്കായുടെ അനന്തരഗാമിയായി മോറോൻ മാർ ബസ്സേലിയോസ് എന്ന പേരോടുകൂടി വാഴിക്കപ്പെട്ടിരിക്കുന്നു.............. മലങ്കരസഭ എന്നേയ്ക്കും സ്വതന്ത്രമായി നിലനിൽക്കുന്നതിനു ഇപ്പോൾ ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കാതോലിക്കാ സിംഹാസനം സഹായിക്കട്ടെ. ഇത് നിങ്ങളുടെ സഭയുടെ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനകല്ലാകുന്നു.

## സുറിയാനി മാസങ്ങൾ

ക്രിസ്തുവർഷം അഥവാ ഇംഗ്ലീഷ് മാസം കലണ്ടറിലുള്ളതുപോലെ പന്ത്രണ്ടു മാസങ്ങളാണ് സുറിയാനി കലണ്ടറിനുമുള്ളത്. ജനുവരി മുതൽ ആരംഭിച്ച് ഡിസംബറിൽ അവസാനിക്കുന്ന അതേ ക്രമത്തിൽ സുറിയാനി മാസങ്ങളുടെ പേരുകൾ താഴെകൊടുക്കുന്നു.

കോനൂൻ ഹ്രോയ് (ജനുവരി), ശ്ബോത്ത് (ഫെബ്രുവരി), ഓദോർ (മാർച്ച്), നീസോൻ (ഏപ്രിൽ), ഈയോർ (മെയ്), ഹ്സീറോൻ (ജൂൺ), തോമൂസ് (ജൂലൈ), ഓബ് (ഓഗസ്റ്റ്), ഈലൂൽ (സെപ്റ്റംബർ), തെശ്രീൻ ക്ദീം (ഒക്ടോബർ), തെശ്രീൻ ഹ്രോയ് (നവംബർ), കോനൂൻ ക്ദീം (ഡിസംബർ)

ഇംഗ്ലീഷ് മാസ തീയതിയേക്കാൾ 13 ദിവസം പിറകിലാണ് സുറിയാനിമാസതീയതി വരുന്നത്. അതനുസരിച്ച് 1912 ഈലൂൽ 2 (സെപ്റ്റംബർ - കന്നി 2) എന്നു പറയുന്നത് 1912 സെപ്റ്റംബർ 15 ആണ്.

**Vol. 18 Issue 22**
**September 16-30**


MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2012-2014

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര ——— ജോയി കുളനട



## മെത്രാൻ സ്ഥാനാഭിഷേക ശതാബ്ദി ആചരിച്ചു

കുണ്ടറ : കുണ്ടറ സെന്റ് കുറിയാക്കോസ് സെമിനാരി സ്ഥാപകൻ പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മെത്രാൻ സ്ഥാനാഭിഷേകത്തിന്റെ ശതാബ്ദി പ്രമാണിച്ച് കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാസ് മാർ അന്തോണിയോസ് സെപ്റ്റംബർ ൮-ാം തീയതി കുണ്ടറ സെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു. കൃതജ്ഞതാ പ്രാർത്ഥന നടത്തി.

## കാതോലിക്കാ സ്ഥാനാരോഹണ ശതാബ്ദി ആചരിച്ചു

പാമ്പാക്കുട : മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കാ ആയ പ.ബസ്സേലിയോസ് പൗലോസ് പ്രഥമൻ (മുറിമറ്റത്തിൽ) ബാവായുടെ കാതോലിക്കാ സ്ഥാനാരോഹണ ശതാബ്ദി സെപ്റ്റംബർ 15ന് ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ പ.ബാവാ കബറടങ്ങിയിരിക്കുന്ന പാമ്പാക്കുട സെന്റ് തോമസ് ഓർത്തഡോക്സ് ചെറിയപള്ളിയിൽ ആചരിച്ചു.

## സ്നേഹസാന്ത്വനം

കൊല്ലം ഭദ്രാസന യുവജനപ്രസ്ഥാനം 2012 ആഗസ്റ്റ് 28-ാം തീയതി കൊല്ലം കരീപ്ര ശാന്തി ഭവൻ ശരണാലയത്തിൽ സ്നേഹസാന്ത്വനം 2012 എന്ന പരിപാടി നടത്തി. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. അയിഷാ പോറ്റി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. അനാഥാലയത്തിലെ 40 അന്തേവാസികൾക്ക് ബെന്നി കക്കാട് ഓണപ്പുടവ സമ്മാനിച്ചു. അന്തേവാസികളോട് ചേർന്ന് ഓണാഘോഷത്തിലും ഓണസദ്യയിലും യുവജനപ്രസ്ഥാനാംഗങ്ങൾ പങ്കെടുത്തു. കലാപരിപാടികൾക്ക് ഏഷ്യാനെറ്റ് വോഡഫോൺ കോമഡിസ്റ്റാർ റോജിൻ തോമസ് നേതൃത്വം നൽകി. ഫാ.ജോസ് എം.ഡാനിയേൽ, ഫാ.ജോൺ ഗീവർഗീസ്, സജയ് തങ്കച്ചൻ, ഷിജു എസ്.പി., കോശി മുതലാളി, സാം പട്ടാഴി, വിജി തോമസ് വൈദ്യൻ, ജോൺസൺ കല്ലട തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## കേസ് ജയിച്ചു, തടി മൂത്താനാർക്ക്

എം.സി.വർഗീസ് ആലുവ

മലങ്കരസഭയുടെ തൽസ്ഥിതി ഓർത്തു നോക്കുകയായിരുന്നു. കേസുകൾ ജയിച്ചിട്ടെന്തുനേടി? 1995-ലെ സുപ്രീംകോടതിവിധിയും 31-03-2003-ലെ ആലുവാ തൃക്കുന്നത്ത് പള്ളിയുടെ അസന്നിഗ്ദ്ധവിധിയും അതുപോലെ അടുത്തകാലത്തെ കോലഞ്ചേരി, കടമറ്റം, മാമ്മലശ്ശേരി വിധികളുമൊക്കെ ഓർത്തഡോക്സ് കക്ഷിവാദങ്ങൾ വിജയിച്ചുനിൽക്കുകയാണ്. സംശയമില്ല. സുപ്രീംകോടതിവിധിയിലെ അടിവരയിട്ടുപറഞ്ഞിട്ടുള്ള പതിനേഴ് വിധികളും ഉപഖണ്ഡങ്ങളും വായിക്കുന്തോറും വായിക്കുന്തോറും! എന്നിട്ടിപ്പോഴോ എന്ന് ചോദിച്ചു പോകുന്നു.

There is only one authority as the Malanakara Church; the structure provided by the 1934 Constitution, as amended from time to time. Even the Patriarch can Function in Malnankara with the Co-operation of the Catholics and in accordance with the Malankara Constitution എന്നാണ് 1995-ലെ വിധി. മറ്റ് ഉഗ്രമായ വകുപ്പുകളും.

ആലുവാ പള്ളികേസിലെ വിധി അതിനിശിതം. തൃക്കുന്നത്ത് പള്ളി ഇടവകപള്ളിയല്ല, സെമിനാരിയുടെ അനുബന്ധം (appendage) മാത്രമാണ് പള്ളി. അവിടെ വസിച്ച് വാണരുളുന്ന അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ കരംതീർത്ത് കൈവശം വെച്ച് അനുഭവിച്ചുപോരുന്ന ആരാധനാലയമാണ്. ഇടവകപള്ളി എന്ന് സ്ഥാപിക്കുവാൻ പാത്രിയർക്കീസ് കക്ഷി പരാജയപ്പെട്ടു. പക്ഷെ എന്തുപ്രയോജനം പള്ളിപൂട്ടിത്തന്നെ കിടക്കുന്നു.

മറ്റൊന്നുണ്ട്. ഒ.എസ്.25/2001/03-08-2002 ലെ കോടതിവിധി പ്രകാരം ശ്രേഷ്ഠ ബാവാ അങ്കമാലി, കണ്ടനാട്, കൊച്ചി ഭദ്രാസനങ്ങളിൽ പ്രവേശിക്കുകയോ മെത്രാപ്പോലീത്തയ്ക്കടുത്ത യാതൊരു കർമ്മങ്ങളോ അധികാര അവകാശങ്ങളോ ഇനി ഒരു ഉത്തരവ് ഉണ്ടാകുംവരെ ചെയ്യുകയോ ചെയ്യരുതെന്ന് കർശന നിരോധന ഉത്തരവ് ഇന്നും നിലനിൽക്കുകയാണ്. നിലവിലുള്ള ഇത് അവഗണിച്ച് ബാവായും സഹ മെത്രാന്മാരും പട്ടക്കാരും സൈ്വര്യവിഹാരം നടത്തുന്നു. രാഷ്ട്രീയത്തിലും ഉപതെരഞ്ഞെടുപ്പിലും കൊല അന്വേഷണത്തിലുമൊക്കെ വ്യാപരിച്ച് വീർപ്പുമുട്ടുന്ന ഭരണകൂടത്തിന് പള്ളി വഴക്കുകൾ നോക്കാനും തീർക്കാനും നേരവും കാലവുമില്ല. കോടതിവിധികൾ സുപ്രീംകോടതിവിധി final and Irrevocable എന്നു തിട്ടമായി പറയുന്നുണ്ട്. ഞങ്ങൾക്ക് സർക്കാരിൽനിന്ന് നീതികിട്ടുന്നില്ലെന്ന പരാതിയും കേസുകളും അന്ത്യഫലം അവസാനം കേസു ജയിച്ചു പക്ഷെ തടി മൂത്താനാർക്ക് എന്നതാണ് തൃക്കുന്നത്ത് സെമിനാരി ഉൾപ്പെടെ കണ്ടനാട് - അങ്കമാലിയിലെ തൽസ്ഥിതി. ഈശ്വരോ രക്ഷിതൗ!

## മാമ്മലശ്ശേരി പള്ളിയിൽ പോലീസ് സംരക്ഷണയിൽ ഓർത്തഡോക്സ് കുർബ്ബാന

## പോലീസ് ഇല്ലാതെ പള്ളിയുടെ പൂമുഖത്ത് യാക്കോബായ കുർബ്ബാന

മൂവാറ്റുപുഴ : തർക്കം നിലനിൽക്കുന്ന മാമ്മലശ്ശേരി പള്ളിയിൽ ഓർത്തഡോക്സ് വൈദികർക്ക് പ്രവേശിച്ചു കുർബ്ബാന ചൊല്ലാൻ പോലീസ് സംരക്ഷണം നൽകണമെന്ന് കോടതി ഉത്തരവുണ്ടായി. ഓർത്തഡോക്സുകാരായ പല പ്രമുഖരും ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണം നൽകാൻ ആഭ്യന്തരമന്ത്രി ഉത്തരവിട്ടു. മൂന്നു വൈദികരും ധൂപക്കുറ്റിയുമായി വെളുപ്പിനെതന്നെ ഓർത്തഡോക്സുകാർ പള്ളിയിൽ പ്രവേശിച്ച് പോലീസ് ശക്തമായ സംരക്ഷണം നൽകി വെളുപ്പിനെ 5.30ന് ആരംഭിച്ച വി.കുർബ്ബാന 6.30ന് സമാപിച്ചു. പള്ളിപൂട്ടി വൈദികരും പോലീസുകാരും സ്ഥലംവിട്ടു.

ഉടൻതന്നെ യാക്കോബായക്കാർ പള്ളി മുറ്റത്തു പ്രവേശിച്ചു. ഓർത്തഡോക്സ് വൈദികർക്കു കുർബ്ബാന (കർമ്മങ്ങൾ) അനുഷ്ഠിക്കുവാൻ സംരക്ഷണം നൽകണമെന്നേ കോടതി ഉത്തരവിലുണ്ടായിരുന്നുള്ളു. അവിടെ വരുന്ന യാക്കോബായക്കാരെ തടയണമെന്ന് കോടതി ഉത്തരവിലില്ല. പള്ളിയുടെ താക്കോൽ ഓർത്തഡോക്സ് വൈദികന്റെ കയ്യിലായിരുന്നതിനാൽ യാക്കോബായക്കാർക്ക് പള്ളിയിൽ പ്രവേശിക്കാൻ സാധിച്ചില്ല. എന്നാൽ പള്ളിയുടെ മുമ്പിലെ പൂമുഖത്ത് (നാടകശാല) മേശയിട്ട് ത്രോണോസ് സജ്ജീകരിച്ച് യാക്കോബായ വൈദികൻ കുർബ്ബാന അർപ്പിച്ചു. വിശ്വാസികൾ പങ്കെടുത്തു. മെത്രാന്മാരും ശ്രേഷ്ഠബാവായും എത്തി പ്രാർത്ഥനയും പ്രസംഗവും എല്ലാം നടന്നു. ആരും തടഞ്ഞില്ല. കോടതി ഉത്തരവനുസരിച്ച് ഓർത്തഡോക്സുകാർക്ക് പോലീസ് സംരക്ഷണം നൽകണമെന്ന് സർക്കാർ കോടതിയെ ബോധിപ്പിച്ചു.

## മാർ ദിമെത്രയോസിന്റെ സ്ഥാനാരോഹണം – വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു

ഡൽഹി : ഡൽഹി ഭദ്രാസനത്തിന്റെ മൂന്നാമത്തെ മെത്രാപ്പോലീത്തായായ ഡോ.യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്തായുടെ സുന്ത്രോണീസോ ശുശ്രൂഷയ്ക്കുശേഷം നടക്കുന്ന പൊതുസമ്മേളനത്തിന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി സുശീൽ കുമാർ ഷിൺഡേ മുഖ്യാതിഥിയായിരിക്കും. കേന്ദ്രമന്ത്രി വയലാർ രവി, ഡൽഹി മുഖ്യമന്ത്രി ഷീലാ ദീക്ഷിത്, രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി.ജെ.കുര്യൻ എന്നിവർ ആശംസകൾ അർപ്പിക്കും. മാർ പീലക്സിനോസ് മെമ്മോറിയൽ ഹെൽത്ത് കെയർ ഫണ്ടിനുള്ള ആദ്യസംഭാവന അത്മായ ട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റിൽ നിന്ന് സ്വീകരിക്കും.

സുന്ത്രോണീസോ ശുശ്രൂഷയുടെയും തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിന്റെയും വിജയത്തിനായി വന്ദ്യ എം.എസ്. സഖറിയാ റമ്പാൻ, ഫാ.ഫിലിപ്പ് എം.സാമുവൽ, അലക്സാണ്ടർ ഡാനിയേൽ ഐ.പി.എസ് എന്നിവർ ചീഫ് കോ-ഓർഡിനേറ്റേഴ്സായി 101 അംഗ കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.

## ശതാബ്ദി ആഘോഷം അനുരഞ്ജനത്തിനു വേദി ഒരുക്കുമോ

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായിട്ട് നൂറുവർഷമാകുന്നതിന്റെ ആഘോഷങ്ങൾ ഒരുവശത്ത് പൊടിപൊടിക്കുന്നു. എന്നാൽ നൂറുവർഷങ്ങൾക്കുമുമ്പ് ആരംഭിച്ച കേസുകളും ശതാബ്ദി ആഘോഷിക്കുന്നു. മലങ്കരസഭയിൽ സമാധാനം മാത്രമില്ല. ഓർത്തഡോക്സ് - പാത്രിയർക്കീസ് കക്ഷികൾ രണ്ട് സമാന്തരസഭകളായി വളർന്നു ശക്തിപ്രാപിച്ചു. ഇനിയെങ്കിലും അടിപിടി നിർത്തരുതോ.

കേസുകളുടെയും വഴക്കിന്റെയും വിദ്വേഷത്തിന്റെയും പാത ഉപേക്ഷിച്ച് അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കരുതോ. പണ്ടൊക്കെ പരസ്പരം മത്സരിച്ചായിരുന്നു പ്രകടനങ്ങളും സമ്മേളനങ്ങളും. പരസ്പരം പോർവിളി മുഴക്കുന്നതവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചില്ലെ. ശതാബ്ദി ആഘോഷം അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെ ആഘോഷമാകട്ടെ.

**തോമസ് ജോൺ എറണാകുളം**

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**